2023
JUNE
09
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

SINCE 1995
KUROL
An Ayurvedic Proprietary Medicine
A NATURAL & SAFE REMEDY FOR PILES



## യുഎഇ വേനലവധി: കേരളത്തിലേക്കുള്ള വിമാന നിരക്കിൽ മൂന്നിരട്ടി വർധന

**അബുദാബി:** യുഎഇയിൽ 26നു മധ്യവേനൽ അവധി തുടങ്ങാനിരിക്കെ, കേരളത്തിലേക്കുള്ള ടിക്കറ്റ് നിരക്ക് വിമാനക്കമ്പനികൾ മൂന്നിരട്ടിയാക്കി. പ്രവാസികൾ കുടുംബമായി നാട്ടിൽ പോകുന്നതിനാൽ വിമാനങ്ങളിൽ ഏതാനും സീറ്റുകൾ മാത്രമാണ് ബാക്കി. ആ സീറ്റുകളിലേക്ക് അടുക്കാൻ കഴിയാത്ത നിരക്കും. ഇന്ത്യൻ, വിദേശ എയർലൈനുകളെല്ലാം വർധനയുടെ കാര്യത്തിൽ ഒറ്റക്കെട്ടാണ്. കഴിഞ്ഞ മാസം കേരളത്തിലേക്കു 12,000 രൂപയ്ക്കു വരെ കിട്ടിയിരുന്ന വൺവേ ടിക്കറ്റ് അവധി തുടങ്ങുന്നതോടെ 35,000 രൂപയ്ക്കു മുകളിലാവും. സെക്ടർ മാറുന്നതനുസരിച്ച് നിരക്കിൽ ഏറ്റക്കുറച്ചിലുണ്ടാകും.

26ന് നാട്ടിലേക്കു പോകാൻ ഇപ്പോൾ ടിക്കറ്റെടുക്കുകയാണെങ്കിൽ നാലംഗ കുടുംബത്തിനു കുറഞ്ഞത് ഒന്നര ലക്ഷം രൂപയാകും. ദിവസം വൈകും തോറും നിരക്ക് കൂടിക്കൊണ്ടിരിക്കും. എയർ ഇന്ത്യ, എയർ ഇന്ത്യാ എക്സ്പ്രസ്, ഇൻഡിഗോ എന്നിവയിൽ ശരാശരി 1.5 ലക്ഷം രൂപയും, സ്പൈസ് ജെറ്റിൽ 1.8 ലക്ഷം രൂപയുമാണ് നാലു പേർക്ക് ഒരു വശത്തേക്കു മാത്രമുള്ള ടിക്കറ്റ് നിരക്ക്. ഇത്തിഹാദ്, എമിറേറ്റ്സ് അടക്കമുള്ള വിദേശ വിമാനങ്ങളിൽ നിരക്ക് 2 ലക്ഷത്തിനു മേലെയാകും. ഇത്രയും തുക കൊടുത്താൽ പോലും നേരിട്ടുള്ള വിമാനം കിട്ടണമെന്നില്ല. ഗോ ഫസ്റ്റ് എയർലൈൻ നിർത്തിയതും എയർ ഇന്ത്യ സർവീസുകൾ കൊച്ചിയിലേക്കു മാത്രമാക്കിയതും സീറ്റുകൾ കുറയാൻ കാരണമായി.

## പലിശനിരക്ക് 6.5 ശതമാനത്തിൽ തുടരും

# രാജ്യത്തെ ജിഡിപിയിലും വൻ മുന്നേറ്റം

- തുടർച്ചയായ രണ്ടാം തവണയും നിരക്ക് 6.5% ൽ
- ഇക്കഴിഞ്ഞ ബജറ്റിൽ മൂലധന ചെലവ് വർധിപ്പിച്ചത് രാജ്യത്ത് പണലഭ്യത ഉയർത്തി





**മുംബൈ :** രാജ്യത്ത് പണപ്പെരുപ്പം നിയന്ത്രണത്തിലായതിനാൽ പലിശനിരക്കിൽ മാറ്റം വരുത്താതെ റിസർവ് ബാങ്ക്. തുടർച്ചയായ രണ്ടാം തവണയും നിരക്ക് 6.5% ൽ നിലനിർത്തി മോണിറ്ററി പോളിസി കമ്മിറ്റി യോഗം അവസാനിച്ചു. 2023,24 സാമ്പത്തിക വർഷത്തെ ജിഡിപി വളർച്ച 6.4 ശതമാനത്തിൽനിന്ന് 6.5 ശതമാനമാക്കിയും റിസർവ് ബാങ്ക് ഉയർത്തി.

2023,24 സാമ്പത്തിക വർഷത്തെ രണ്ടാമത്തെ മാസ അവലോകനത്തിൽ രാജ്യത്തെ ഉൽപാദനവും ആവശ്യകതയും വർധിച്ചുവെന്ന് ഗവർണർ അഭിപ്രായപ്പെട്ടു. 2022,23 സാമ്പത്തിക വർഷം നാലാം പാദത്തിൽ ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയിൽ 6.1% വളർച്ചയാണ് റിപ്പോർട്ട് ചെയ്തത്. ഇതോടെ കഴിഞ്ഞ വർഷത്തെ വളർച്ച പ്രതീക്ഷിച്ച 7 ശതമാനത്തിൽനിന്ന് 7.2 ശതമാനത്തിലേക്കെത്തി. 2022,23 വർഷം റാബി വിളകളിൽ ഉൽപാദനം വർധിച്ചതും മൺസൂൺ പ്രതീക്ഷിച്ചതു പോലെ ലഭ്യമായതും രാജ്യത്തിന് അനുകൂലമായി.

ഇക്കഴിഞ്ഞ ബജറ്റിൽ മൂലധന ചെലവ് (കാപിറ്റൽ എക്സ്പെൻഡിച്ചർ) വർധിപ്പിച്ചത് രാജ്യത്ത് പണലഭ്യത ഉയരാൻ കാരണമായി. ഇത് ഉൽപാദന മേഖലയിലും സേവനമേഖലയിലും ഗുണം ചെയ്തു. നിലവിലുള്ള സാഹചര്യം കണക്കിലെടുത്താൽ 2023,24 വർഷത്തെ ജിഡിപി ആദ്യപാദത്തിൽ 8% ഉം രണ്ടാം പാദത്തിൽ 6.5% ഉം മൂന്നും നാലും പാദത്തിൽ യഥാക്രമം 6% ഉം 5.7% ഉം ആയിരിക്കുമെന്നാണ് കണക്കുകൂട്ടൽ.

അങ്ങനെയെങ്കിൽ ഈ സാമ്പത്തിക വർഷത്തെ ആകെ വളർച്ച 6.5 ശതമാനത്തിലേക്കെത്തുമെന്നും ആർബിഐ ഗവർണർ അറിയിച്ചു.

## 4ജി, 5ജി സേവനം: ബിഎസ്എൻഎലിന് 89,047 കോടി രൂപ

**ന്യൂഡൽഹി:** 4ജി, 5ജി സേവനം ലഭ്യമാക്കാനായി ബിഎസ്എൻഎലിന് 89,047 കോടി രൂപയുടെ പാക്കേജിന് കേന്ദ്രമന്ത്രിസഭാ യോഗം അനുമതി നൽകി. ഇതോടെ ഉടനടി 4ജി സംവിധാനം രാജ്യമാകെ നടപ്പാക്കാനുള്ള നീക്കത്തിന് കൂടുതൽ വേഗം കൈവരും. മൂന്നാം തവണയാണ് ബിഎസ്എൻഎലിന് പുനരുജ്ജീവന പാക്കേജ് കേന്ദ്രം പ്രഖ്യാപിക്കുന്നത്. 2019ലാണ് ബിഎസ്എൽഎലിന് ആദ്യ പാക്കേജ് ആയ 69,000 കോടി രൂപ കേന്ദ്രം അനുവദിച്ചത്. 2022ൽ 1.64 ലക്ഷം കൂടി അനുവദിച്ചു. രണ്ട് പാക്കേജുകളുടെ ഫലമായി ബിഎസ്എൻഎലിന്റെ കടബാധ്യത 32,944 കോടിയിൽ നിന്ന് 22,289 കോടിയായി.



# വികസനപ്രവർത്തനങ്ങളിൽ നവീന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തും

**കോട്ടയം:** ലോകം മാറുന്നതിനനുസൃതമായി വികസന പ്രവർത്തനങ്ങളിൽ നവീനമായ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയാണ് സംസ്ഥാന സർക്കാർ മുന്നോട്ടു പോകുന്നതെന്ന് പൊതുമരാമത്ത്ടൂറിസം വകുപ്പ് മന്ത്രി മുഹമ്മദ് റിയാസ്. സംസ്ഥാനത്തെ റോഡ് പരിപാലനത്തിനായി യൂറോപ്യൻ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി എത്തിച്ച ഇൻഫ്രാറെഡ് റോഡ് പരിപാലനയന്ത്രത്തിന്റെ ഉദ്ഘാടനം കോട്ടയം തെള്ളകംകാരിത്താസ് ജംഗ്ഷനിൽ നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു മന്ത്രി.

നവീനമായ കാഴ്ചപ്പാടുകളെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് ഏഴുവർഷമായി സംസ്ഥാന സർക്കാർ പിന്തുടരുന്നത്. പശ്ചാത്തല വികസന മേഖലയിൽ വലിയ കുതിപ്പാണ് സംസ്ഥാനത്തുള്ളത്. റോഡ് പരിപാലനരംഗത്ത് സംസ്ഥാന സർക്കാർ നടപ്പാക്കിയ റണ്ണിങ് കോൺട്രാക്ട് സംവിധാനം ഇതിന് ഉദാഹരണമാണ്. കേരളത്തിലെ 30,000 കിലോമീറ്ററുള്ള പൊതുമരാമത്ത് റോഡുകളിൽ 20,000 കിലോമീറ്ററിലധികം റോഡുകളിലും റണ്ണിങ് കോൺട്രാക്ട് സംവിധാനം നടപ്പാക്കിയെന്നും മന്ത്രി പറഞ്ഞു. സഹകരണരജിസ്ട്രേഷൻ വകുപ്പുമന്ത്രി വി.എൻ. വാസവൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഇൻഫ്രാറെഡ് പാച്ച്വർക് ടെക്നോളജിയടക്കം നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ റോഡ് നിർമാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്ന പ്രക്രിയയ്ക്കാണ് പൊതുമരാമത്ത് വകുപ്പ് നേതൃത്വം നൽകുന്നതെന്ന് മന്ത്രി വി.എൻ വാസവൻ പറഞ്ഞു.

ഇൻഫ്രാറെഡ് ഹോട്ട് ടു ഹോട്ട് എന്ന യൂറോപ്യൻ സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന അത്യാധുനിക ഉപകരണങ്ങളാണ് റോഡ് പരിപാലനത്തിനായി സംസ്ഥാനത്ത് എത്തിച്ചിരിക്കുന്നത്. കുറഞ്ഞ സമയത്തിനുള്ളിൽ റോഡിലെ കുഴികൾ അടയ്ക്കാനും ഇൻഫ്രാറെഡ് സാങ്കേതികവിദ്യ ഉപയോഗിച്ച് റോഡ് ചൂടാക്കി കുഴികളിൽ ജലാംശം കടക്കാതെ ടാറിംഗ് നടത്തി കൂടുതൽ കാലം റോഡിനെ പരിപാലിച്ചു നിർത്താനും പുതിയ സാങ്കേതികവിദ്യയിലൂടെ സാധിക്കും. കുറഞ്ഞ നിർമാണ ചെലവും അസംസ്കൃത വസ്തുക്കളുടെ കുറഞ്ഞ ചെലവും കുറഞ്ഞ മലിനീകരണതോതുമെല്ലാം പുതിയ സാങ്കേതികവിദ്യയുടെ പ്രത്യേകതയാണ്. കോട്ടയം എം.സി റോഡിലാണ് ആദ്യമായി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നത്. പാലായിലെ രാജി മാത്യു ആൻഡ് കമ്പനിയാണ് റണ്ണിങ് കോൺട്രാക്ട് സംവിധാനത്തിന്റെ ഭാഗമായി യന്ത്രം ഇറക്കുമതി ചെയ്തിരിക്കുന്നത്.

ഏറ്റുമാനൂർ നഗരസഭ അധ്യക്ഷ ലൗലി ജോർജ്, അതിരമ്പുഴ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ആലീസ് ജോസഫ്, നഗരസഭാംഗം ഇ.എസ്. ബിജു എന്നിവർ പ്രസംഗിച്ചു.

ചങ്ങനാശ്ശേരി അർബൻ കോഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റ് എ.വി. റസൽ, പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# ഷിപ് പോർട്ട് സുരക്ഷാ കോഡ്: സർവേ സംഘം വിഴിഞ്ഞത്ത്



**വിഴിഞ്ഞം:** തുറമുഖത്ത് രാജ്യാന്തര ഷിപ് പോർട്ട് സുരക്ഷാ കോഡ്(ഐഎസ്പിഎസ് കോഡ്) ലഭ്യമാകുന്നതിനോടനുബന്ധിച്ച സർവേ നടപടികൾക്കായി ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിങ്ങിൽ നിന്നു നിയോഗിച്ച ഉന്നത തല സർവേ സംഘം വിഴിഞ്ഞത്ത്. വിഴിഞ്ഞം തുറമുഖത്തെ വളരെ കാലമായുള്ള ആവശ്യമാണ് ഐഐഎസ്പിഎസ് കോഡ് ലഭ്യത. കോഡ് ലഭിക്കാൻ വേണ്ട സുരക്ഷാ മാനദണ്ഡങ്ങൾ സ്ഥാപിച്ചതു സംബന്ധിച്ചാണ് സർവേ നടപടികൾ. സർവേ റിപ്പോർട്ട് ഡിജി ഷിപ്പിങ്ങിനു സമർപ്പിക്കും. തുടർന്നാണ് കോഡ് ലഭ്യത എന്ന് മാരിടൈം ബോർഡ് അധികൃതർ പറഞ്ഞു. കോഡ് ലഭ്യമായാൽ വിഴിഞ്ഞം തുറമുഖത്ത് ക്രൂ ചേഞ്ച് അടക്കമുള്ള ഷിപ്പിങ് അനുബന്ധ നടപടികൾ നടത്താൻ തുറമുഖം യോഗ്യത നേടുമെന്നു കരുതുന്നു.

സുരക്ഷാ മാനദണ്ഡങ്ങളായ ചുറ്റുമതിൽ, കമ്പിവേലി, സിസിടിവി ക്യാമറകൾ, വിളക്കുകൾ എന്നിവ സ്ഥാപിച്ചു കഴിഞ്ഞു. മാരിടൈം ബോർഡിന് 10 കോടിയോളം രൂപയുടെ വരുമാനം ലഭ്യമാക്കിയ ക്രൂ ചേഞ്ചിന് സുരക്ഷ മാനദണ്ഡങ്ങളില്ലെന്ന പേരിൽ ഇമിഗ്രേഷൻ വിഭാഗം തടസ്സവാദം ഉന്നയിച്ചിരുന്നു. 2022 ഓഗസ്റ്റിലായിരുന്നു വിഴിഞ്ഞത്തെ അവസാന ക്രൂ ചേഞ്ച്. കോഡ് ലഭ്യമായാൽ ബങ്കറിങ് ഉൾപ്പെടെ കപ്പൽ മേഖലയിലെ അനുബന്ധ സേവനങ്ങൾക്കും തൊഴിൽ ലഭ്യതയ്ക്കും വിഴിഞ്ഞം തുറമുഖത്ത് സാധ്യത തുറക്കുമെന്നാണ് അധികൃതർ പറയുന്നത്.

ഐഎസ്പിഎസ് കോഡു ലഭ്യതയ്ക്കു പിന്നാലെ വിഴിഞ്ഞം തുറമുഖത്തിനു കസ്റ്റംസ് ക്ലിയറൻസ് കൂടി ലഭ്യമായാൽ കാർഗോഷിപ്പിങിനും തുടക്കമാകുമെന്ന് ബന്ധപ്പെട്ട അധികൃതർ പറഞ്ഞു. തുറമുഖത്ത് മറ്റു സന്നാഹങ്ങൾ ഉണ്ടെന്ന നിലയ്ക്ക് വെയ് ബ്രിജ്, ജനറേറ്റർ എന്നിവ കൂടി ലഭ്യമാക്കിയാൽ ഈ ക്ലിയറൻസും ലഭിക്കാൻ യോഗ്യത നേടുമെന്ന് അധികൃതർ പറയുന്നു.

കാലവർഷത്തിരയടി മുൻനിർത്തി വിഴിഞ്ഞം രാജ്യാന്തര തുറമുഖത്ത് പുലിമുട്ടു(ബ്രേക്ക്വാട്ടർ)നിർമാണം താൽക്കാലികമായി നിർത്തി. ക്രെയിനുൾപ്പെടെയുള്ള സാങ്കേതിക ഉപകരണങ്ങൾ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റി. ബാർജുകളിൽ ചിലതു പുലിമുട്ടു സംരക്ഷിത കടലിലും രണ്ടെണ്ണം കൊല്ലം തുറമുഖത്തേക്കും മാറ്റി.ഡ്രജർ മത്സ്യബന്ധന തുറമുഖ ബെയ്സിനിലേക്കും കൊണ്ടു വന്നു. കാലാവസ്ഥ അനുകൂലമാകുന്ന മുറക്ക് പുലിമുട്ടു നിർമാണം പുനരാരംഭിക്കും. പുലിമുട്ടിന്റെ തിരയടി ശക്തമായ മുന്നോട്ടുള്ള ഭാഗത്തു കരിങ്കല്ലു നിക്ഷേപിക്കുന്ന ദൗത്യം ആണ് ആദ്യം നിർത്തിയത്. ബാർജുകളിലൂടെ കടലിന്നടിഭാഗത്ത് കല്ലു നിക്ഷേപിക്കുന്ന ജോലിയും ഒപ്പം നിർത്തി. നിലവിൽ കരയിൽ പുലിമുട്ടു 2250 തോളം മീറ്റർ ദൂരം പൂർത്തിയായതായി അധികൃതർ പറഞ്ഞു.

കടലിന്നടിയിൽ 2500 മീറ്ററും പിന്നിട്ടു. കോൺക്രീറ്റ് നിർമിതിയായ അക്രോപോഡു സ്ഥാപിച്ചുള്ള പുലിമുട്ടു സംരക്ഷണവും വശത്ത് വലിയ കരിങ്കല്ലു നിക്ഷേപവുമാണ് കഴിഞ്ഞ ദിവസങ്ങളിൽ നടന്നത്. അതേ സമയം ബെർത്തു നിർമാണത്തോടനുബന്ധിച്ച സ്ലാബ് സ്ഥാപിക്കൽ ഡ്രജ് ചെയ്തു കരയാക്കിയ ഭാഗത്തെ തുടർ നിർമാണം എന്നിവ പുരോഗമിക്കുകയാണ്.

# 6 ആശുപത്രികളിൽ 12നു മുൻപായി സുരക്ഷാ പരിശോധന

**ചെറുതോണി:** ഇടുക്കി മെഡിക്കൽ കോളജ് ഉൾപ്പെടെ ജില്ലയിലെ പ്രധാനപ്പെട്ട 6 ആശുപത്രികളിൽ 12നു മുൻപായി സുരക്ഷാ പരിശോധന പൂർത്തിയാക്കുന്നതിനു തീരുമാനം. ജില്ലാ ഭരണകൂടം, പൊലീസ്, ഫയർ ആൻഡ് റെസ്ക്യു വിഭാഗം എന്നിവയുടെ നേതൃത്വത്തിൽ ജില്ലയിലെ പ്രധാന ആരോഗ്യ സ്ഥാപനങ്ങളിലെ സുരക്ഷാ ഓഡിറ്റുമായി ബന്ധപ്പെട്ട് കലക്ടറുടെ ചേംബറിൽ നടന്ന യോഗത്തിലാണ് ഇതു സംബന്ധിച്ചു തീരുമാനമായത്. ആശുപത്രികൾക്കും ആരോഗ്യ പ്രവർത്തകർക്കുമെതിരെ ആക്രമണങ്ങൾ വർധിച്ചുവരുന്ന പശ്ചാത്തലത്തിൽ ആശുപത്രികളിലെ സുരക്ഷാ സംവിധാനങ്ങൾ വിലയിരുത്താനും മെച്ചപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കാനും സർക്കാർ ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ ഭാഗമായി കലക്ടർ ഷീബ ജോർജിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ ഇടുക്കി മെഡിക്കൽ കോളജ്, തൊടുപുഴ ജില്ലാ ആശുപത്രി, നെടുങ്കണ്ടം, അടിമാലി, പീരുമേട്, കട്ടപ്പന താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിലെ സുരക്ഷാ സംവിധാനങ്ങളാണ് വിലയിരുത്തിയത്.

ആശുപത്രികളിലെ സിസിടിവി സംവിധാനങ്ങൾ, സുരക്ഷാ ഉദ്യോഗസ്ഥരുടെ സേവനം, ചുറ്റുമതിൽ, പ്രവേശന കവാടങ്ങൾ, പൊലീസ് എയ്ഡ് പോസ്റ്റ് എന്നിവയുടെ നിലവിലെ സ്ഥിതി യോഗത്തിൽ ചർച്ച ചെയ്തു. സർക്കാർ നിശ്ചയിച്ചതു പ്രകാരമുള്ള സുരക്ഷാ മാനദണ്ഡങ്ങൾ എത്രയും വേഗം പൂർത്തിയാക്കാൻ ആശുപത്രി അധികൃതർക്കു കലക്ടർ നിർദേശം നൽകി. സുരക്ഷാ സംവിധാനങ്ങൾ വിലയിരുത്തി റിപ്പോർട്ട് തയാറാക്കുന്നതിനായി തൊടുപുഴ ജില്ലാ ആശുപത്രിയിൽ 12നും അടിമാലി, നെടുങ്കണ്ടം, പീരുമേട്, കട്ടപ്പന താലൂക്ക് ആശുപത്രികളിൽ 8, 9 തീയതികളിലും പൊലീസും ഫയർ ആൻഡ് റെസ്ക്യു വിഭാഗവും സംയുക്ത പരിശോധന നടത്തും. തുടർന്ന് 15നു സർക്കാരിനു റിപ്പോർട്ട് സമർപ്പിക്കും.

സിസി ടിവികളുടെ എണ്ണം വർധിപ്പിക്കുക, ക്യാമറകളുടെ ബാക്കപ് കാലാവധി നീട്ടുക, പൊലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുക, ചുറ്റുമതിൽ ഇല്ലാത്തയിടത്തു മതിൽ കെട്ടി ആശുപത്രികളിലേക്കുള്ള പ്രവേശന കവാടങ്ങൾ പരിമിതപ്പെടുത്തുക, പരമാവധി വിമുക്ത ഭടന്മാരെ തന്നെ സുരക്ഷാ ചുമതലയ്ക്ക് ഏർപ്പെടുത്തുക തുടങ്ങിയ നിർദേശങ്ങൾ കലക്ടർ അധികൃതർക്ക് നൽകി. ഡിഎംഒ ഡോ. എൽ.മനോജ്, ഡോ. അനുപ്, മെഡിക്കൽ കോളജ് സൂപ്രണ്ട് ഡോ. സുരേഷ് വർഗീസ്, ഡിവൈഎസ്പിമാരായ ബിനു ശ്രീധർ, ജെ.കുര്യാക്കോസ്, എം.ആർ.മധു ബാബു, തഹസിൽദാർമാർ തുടങ്ങിയവർ പങ്കെടുത്തു.



# കാത്‌ലാബ് ഉദ്ഘാടനം കഴിഞ്ഞു മാസങ്ങളായിട്ടും പ്രവർത്തനം തുടങ്ങിയില്ല



**മാനന്തവാടി:** കാത്‌ലാബ് ഉദ്ഘാടനം കഴിഞ്ഞു മാസങ്ങളായിട്ടും യന്ത്രസംവിധാനങ്ങൾ പോലും എത്തിക്കാത്തതും കാർഡിയോളജസ്റ്റിനെ നിയമിക്കാത്തതും കടുത്ത വിമർശനങ്ങൾ ക്ഷണിച്ചു വരുത്തുന്നു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത 7 നില കെട്ടിടത്തിന്റെ അവശേഷിക്കുന്ന ജോലികൾ തീർത്ത് ഇനിയും ആശുപത്രി അധികൃതർക്കു കൈമാറിയിട്ടില്ല. മെഡിക്കൽ കോളജിലെ കാത് ലാബ് എന്നു പ്രവർത്തനം തുടങ്ങുമെന്ന് ഉറപ്പിച്ചു പറയാൻ ഇപ്പോഴും അധികാരികൾക്കു കഴിയുന്നില്ല. പുതിയ ബഹുനില കെട്ടിടത്തിന്റെ കാര്യത്തിലും ഇതു തന്നെയാണു സ്ഥിതി. ഉപകരണങ്ങൾ എത്തുന്നതിനാണു കാത്തിരിപ്പ്. കഴിഞ്ഞ ദിവസം നടന്ന എച്ച്ഡിസി എക്സിക്യൂട്ടീവ് യോഗത്തിൽ കാത്‌ലാബിന്റെ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ ധാരണയായിരുന്നു. ഉദ്ഘാടനം കഴിഞ്ഞു 2 മാസം പിന്നിട്ടിട്ടും മുഴുവൻ യന്ത്രസംവിധാനങ്ങൾ എത്തിക്കാൻ പോലും കഴിഞ്ഞിട്ടില്ല.

ഒരുക്കങ്ങൾ പൂർത്തീകരിച്ച ശേഷം മതിയായിരുന്നില്ലെ ഉദ്ഘാടന മാമാങ്കം എന്ന ചോദ്യത്തിന് അധികാരികൾക്ക് മറുപടിയില്ല. 5 വർഷം മുൻപു പ്രഖ്യാപിക്കുകയും 2 മാസം മുൻപു മുഖ്യമന്ത്രി തന്നെ നേരിട്ടു വന്ന് ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തിട്ടും കാത്‌ലാബ് നോക്കുകുത്തിയായി തുടരുന്നതു പ്രതിഷേധങ്ങൾ ക്ഷണിച്ചു വരുത്തുന്നുണ്ട്. കാത്‌ലാബിന്റെ പണി ഓഗസ്റ്റിൽ പൂർത്തിയാക്കി നൽകുമെന്നാണ് കെഎംസിഎൽ മെഡിക്കൽ കോളജ് അധികൃതരെ അറിയിച്ചിട്ടുള്ളത്. ഇനിയും വലിയ യന്ത്രസംവിധാനങ്ങൾ സ്ഥാപിക്കേണ്ട ജോലികൾ നടത്തേണ്ടതുണ്ട്. ഇതിനു മേൽനോട്ടം വഹിക്കാനായി കോഴിക്കോട് മെഡിക്കൽ കോളജിൽ നിന്ന് 2 സീനിയർ റസിഡന്റുമാരെ ഇവിടേയ്ക്കു താൽക്കാലികമായി നിയമിച്ചിട്ടുണ്ട്.

2 സീനിയർ റസിഡന്റുമാരെ ലഭിച്ചതു കൊണ്ട് മാത്രം കാര്യമില്ലെന്നും ഹൃദ്രോഗ വിഭാഗം ഒപി എത്രയും വേഗം തുടങ്ങുന്നതിനും കാത്‌ലാബിന്റെ പ്രവർത്തനം തുടങ്ങുന്നതിനും ഹൃദ്രോഗ വിദഗ്ധരുടെ സേവനം ഉറപ്പ് വരുത്തണമെന്നും ആവശ്യമുയരുന്നുണ്ട്. ജില്ലയിൽ ഒരു സർക്കാർ ആശുപത്രിയിലും ഹൃദ്രോഗ വിദഗ്ധന്റെ സേവനമില്ലാത്തതിനാൽ ഹൃദയ സംബന്ധമായ അസുഖവുമായി എത്തുന്നവരെ കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് അയയ്ക്കുകയാണ് പതിവ്. ആദ്യഘട്ടത്തിൽ ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസമെങ്കിലും ഹൃദ്രോഗ വിഭാഗം ഒപി നടത്താമെന്ന നിർദേശമാണ് ഉയരുന്നത്. കണ്ണൂരിനും വയനാടിനും ഒരേ ദിവസമാണ് കാത്‌ലാബ് പ്രഖ്യാപിച്ചത്. കണ്ണൂരിൽ 600ൽ ഏറെ രോഗികൾക്ക് ഇതിനകം കാത്‌ലാബിന്റെ സേവനം പ്രയോജനപ്പെട്ടു.

മാനന്തവാടിയിലെ കാത്‌ലാബ് ജനുവരിയോടെ പ്രവർത്തന സജ്ജമാക്കുമെന്ന് 2022 നവംബർ 17ന് ആരോഗ്യമന്ത്രി പറഞ്ഞതാണ്. എന്നാൽ ഹൃദ്രോഗ വിദഗ്ധരെയോ കാത്‌ലാബ് ടെക്നിഷ്യന്മാരെയോ ഇവിടേക്ക് നിയമിച്ചിട്ടില്ല. കാത്‌ലാബുമായി ബന്ധപ്പെട്ട് 6 നഴ്സുമാർക്ക് മഞ്ചേരി മെഡിക്കൽ കോളജിൽ 12 ദിവസത്തെ പരിശീലനം നൽകിയിരുന്നു. മറ്റു കാര്യങ്ങളിൽ മെല്ലെപ്പോക്കു നയം തുടരുകയാണ്. 9 മാസം മുൻപ് ആരോഗ്യമന്ത്രി വീണ ജോർജ് ഉദ്ഘാടനം ചെയ്ത ശിശുരോഗ വിഭാഗം ഐസിയുവും ഇതുവരെ പ്രവർത്തന സജ്ജമായില്ല. 2023 ഏപ്രിൽ 2ന് ആരോഗ്യമന്ത്രി കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലെ നവജാതശിശു വിഭാഗം ഐസിയുമായി ബന്ധിപ്പിച്ച് ടെലിമെഡിസിൻ ഐസിയു സംവിധാനം കൊണ്ടുവരും എന്നും പ്രഖ്യാപിച്ചിരുന്നു. ശിശുരോഗ വിഭാഗം ഐസിയുവിന്റെ പ്രവർത്തനം ഇതുവരെ തുടങ്ങാത്തതിനു കാരണം ജനറേറ്റർ സ്ഥാപിക്കാത്തതാണ്. ഉദ്ഘാടനം ചെയ്ത അന്നുമുതൽ ഇതു പൂട്ടിയിട്ടിരിക്കുകയാണ്.

ശിശുരോഗവിഭാഗം, സ്ത്രീരോഗ വിഭാഗം, ഓക്സിജൻ വിതരണം എന്നിവയ്ക്കായി 250 കെവി ജനറേറ്റർ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്ഥല പരിശോധനയും പ്രാരംഭ ജോലികളും നടന്നു. എന്നാൽ ജനറേറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി അനന്തമായി നീളുകയാണ്. എമർജൻസി കോവിഡ് റെസ്പോൺസ് പാക്കേജിന്റെ ഭാഗമായാണ് മെഡിക്കൽ കോളജിൽ പീഡിയാട്രിക് ഓക്സിജൻ ബെഡ് ഐസിയു തയാറാക്കിയത്. നാഷനൽ ഹെൽത്ത് മിഷന് അനുവദിച്ച 138.58 ലക്ഷം രൂപയിൽ നിന്ന് 59.4 ലക്ഷം രൂപയാണ് മെഡിക്കൽ കോളജിൽ ശിശുരോഗ വിഭാഗം ഐസിയുവിനായി ചെലവഴിച്ചത്. 30 ഓക്സിജൻ സപ്പോർട്ടഡ് ബെഡ്, 8 ബെഡ് എച്ച്ഡിയു 4 ബെഡ് ഐസിയു എന്നിവയാണ് ഒരുക്കിയത്. പ്രഖ്യാപനങ്ങളും ഉദ്ഘാടനങ്ങളും മുറയ്ക്ക് നടക്കുന്നതിനിടയിലും ഹൃദ്രോഗികൾക്ക് മതിയായ ചികിത്സ ലഭിക്കാതെ കോഴിക്കോട് മെഡിക്കൽ കോളജിനെ ആശ്രയിക്കേണ്ടി വരികയാണ്.



എറണാകുളം എസ്.ആർ.വി ഹൈസ്കൂളിൽ പുതിയതായി നിർമ്മിച്ച ടോയ്‌ലറ്റ് ബ്ലോക്ക് ടി.ജെ വിനോദ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.ഹരിഹരകുമാർ,എ.എൻ ബിജു,പ്രൊഫ.ബി.ആർ അജിത്,കിഷോർ മുരളി,വിശ്വനാഥൻ,ഡോ.സഭാപതി,പി.വി അതികായൻ,പത്മജ എസ്.മേനോൻ തുടങ്ങിയവർ സമീപം

## എസ്.ആർ.വി ഹൈസ്കൂളിൽ പുതിയ ടോയ്‌ലറ്റ് ബ്ലോക്ക് ഉദ്ഘാടനം ചെയ്തു

**കൊച്ചി:** എറണാകുളം എസ്.ആർ.വി ഹൈസ്കൂളിൽ പുതിയതായി നിർമ്മിച്ച ടോയ്‌ലറ്റ് ബ്ലോക്ക് ടി.ജെ വിനോദ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. ഓൾഡ് സ്റ്റുഡന്റസ് അസോസിയേഷൻ പ്രസിഡന്റ് ആർക്കിടെക്റ്റ് പ്രൊഫ.ബി.ആർ അജിത് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഭാരത് വികാസ് പരിഷത്ത് പ്രസിഡന്റ് കിഷോർ മുരളി മുഖ്യപ്രഭാഷണം നടത്തി. കൊച്ചി കോർപ്പറേഷൻ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ പി ആർ റെനീഷ്, കൊച്ചി കോർപ്പറേഷൻ കൗൺസിലർ പത്മജ എസ്.മേനോൻ,എസ്.ബി.ഐ ഡെപ്യൂട്ടി മാനേജർ സി.റീന, ഭാരത് വികാസ് പരിഷത്ത് മുൻ ദേശീയ സെക്രട്ടറി ഹരിഹരകുമാർ, മുൻ പ്രസിഡന്റ് രാജഗോപാൽ പൈ, ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷൻ മുൻ പ്രസിഡന്റ് ഡോ.സഭാപതി, സ്കൂൾ പി.ടി.എ പ്രസിഡന്റ് ഷഹീർ,ഓൾഡ് സ്റ്റുഡന്റസ് അസോസിയേഷൻ സെക്രട്ടറി എം.പി ശശിധരൻ,സ്കൂൾ പ്രിൻസിപ്പാൾ എ.എൻ ബിജു തുടങ്ങിയവർ സംസാരിച്ചു.ഓൾഡ് സ്റ്റുഡന്റസ് അസോസിയേഷന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ സി.എസ്.ആർ ഫണ്ടുപയോഗിച്ച് ഭാരത് വികാസ് പരിഷത്തിന്റെ സഹകരണത്തോടെയാണ് സ്കൂളിൽ പുതിയ ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മിച്ചത്.

## രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനം കേരളം; വീണാ ജോർജ്

രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനം കേരളമാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ചെറുവണ്ണൂർനല്ലളം കുടുംബാരോഗ്യ കേന്ദ്രം കെട്ടിട ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. 3200 കോടി രൂപയാണ് സൗജന്യ ചികിത്സയ്ക്ക് ചെലവഴിച്ചത്. സർക്കാർ മേഖലയിൽ അവയവ മാറ്റ ശസ്ത്രക്രിയയ്ക്ക് മാത്രമായി കോഴിക്കോട് ആശുപത്രി തുടങ്ങുമെന്ന് മന്ത്രി പറഞ്ഞു.

മിതമായ നിരക്കിൽ സാധാരണക്കാരായ ആളുകൾക്ക് ചികിത്സ ലഭ്യമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. നിലവിൽ സംസ്ഥാനത്ത് 70 % ആളുകളും ആശ്രയിക്കുന്നത് സർക്കാർ ആശുപത്രികളെയാണ്. സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ രോഗീസൗഹൃദ അന്തരീക്ഷം ഉണ്ടാകണമെന്നതാണ് ആർദ്രം പദ്ധതിയുടെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ് അധ്യക്ഷത വഹിച്ചു. സംസ്ഥാനത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെ മാറ്റങ്ങൾക്ക് വിധേയമായ കാലഘട്ടമാണ് ഈ ഏഴ് വർഷമെന്ന് മന്ത്രി പറഞ്ഞു. മണ്ഡലത്തിലെ അബ്ദുറഹിമാൻ പാർക്ക് നവീകരണത്തിന് 1കോടി 48 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. കൂടാതെ കുണ്ടായിത്തോട് കമ്മ്യൂണിറ്റ് ഹെൽത്ത് സെന്റർ നവീകരിക്കുന്നതിന് പതിനഞ്ചാമത് ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് 5 കോടി 50 ലക്ഷം രൂപയുടെ അനുമതി നൽകിയതായും മന്ത്രി അറിയിച്ചു. ഏതൊരു ട്രസ്റ്റിനും, സ്ഥാപനത്തിനും മാതൃകയാക്കാവുന്ന സാമൂഹിക പ്രതിബദ്ധത നിറഞ്ഞ പ്രവർത്തനമാണ് വി.കെ.സി ട്രസ്റ്റ് നടത്തിയിട്ടുള്ളതെന്നും മന്ത്രി പറഞ്ഞു.

1 കോടി 38 ലക്ഷംരൂപ ചെലവഴിച്ച് വി.കെ.സി. ചാരിറ്റബിൾ ഫൗണ്ടേഷൻ കൊളത്തറ കല്ലുവെട്ടുക്കുഴിക്ക് സമീപം സൗജന്യമായാണ് പുതിയ കെട്ടിടം നിർമിച്ചു നൽകിയത്. 5964 ചതുരശ്ര അടിയിലാണ് കെട്ടിടം പണിതത്. പരിശോധനമുറികൾ, നിരീക്ഷണമുറി, നഴ്സിങ് മുറി, ശൗചാലയം, ആധുനിക ലാബ്, ജീവിതശൈലീരോഗ ക്ലിനിക്, പ്രതിരോധകുത്തിവെപ്പ് കേന്ദ്രം, തുടങ്ങിയ നിരവധി വിഭാഗങ്ങൾ പുതിയ കെട്ടിടത്തിൽ ഉണ്ട്.എം.കെ രാഘവൻ എം.പി, മേയർ ഡോ. ബീന ഫിലിപ്പ് എന്നിവർ മുഖ്യാതിഥികളായിരുന്നു. ഡെപ്യൂട്ടി മേയർ സി.പി മുസാഫർ അഹമ്മദ്, വി.കെ.സി ചാരിറ്റബിൾ ഫൗണ്ടേഷൻ മാനേജിങ് ട്രസ്റ്റി വി.കെ.സി മമ്മദ് കോയ എന്നിവർ വിശിഷ്ടാതിഥികളായി. ജില്ലാ മെഡിക്കൽ ഓഫീസർ രാജാറാം കിഴക്കേകണ്ടിയിൽ റിപ്പോർട്ട് അവതരിപ്പിച്ചു.

# ചെങ്ങന്നൂർ പമ്പ റെയിൽ പാത; സർവേയ്ക്ക് തുടക്കം: പൂർത്തിയാക്കാൻ 9,000 കോടി




**റാന്നി :** നിർദിഷ്ട ചെങ്ങന്നൂർ പമ്പ റെയിൽ പാതയുടെ അലൈൻമെന്റ് നിശ്ചയിക്കുന്നതിനുള്ള പ്രാരംഭ സർവേ തുടങ്ങി. റെയിൽവേ മന്ത്രാലയം ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസി മന്ദിരം ചുട്ടിപ്പാറ ഭാഗത്ത് ഇന്നലെ സർവേ നടത്തി. ആകാശ പാതയായിട്ടാണ് 76 കിലോമീറ്റർ ദൂരമുള്ള പാത ശുപാർശ ചെയ്തിരിക്കുന്നത്. ശബരിമലയുടെയും വന പ്രദേശങ്ങളുടെയും സംരക്ഷണത്തിന് ഇതാണ് അഭികാമ്യമെന്നാണ് വിലയിരുത്തൽ.

കിലോമീറ്ററിന് 118 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന പദ്ധതി പൂർത്തിയാക്കുന്നതിന് 9,000 കോടി രൂപ വേണം. പാതയുടെ വിശദമായ രൂപരേഖ (ഡിപിആർ) സമർപ്പിക്കുന്നതിനു മുന്നോടിയായാണ് സർവേ. റാന്നിയിൽ പൂർണമായും പമ്പാനദി തീരത്തു കൂടിയാണ് റെയിൽപാത കടന്നു പോകുന്നത്. കീക്കൊഴൂർ നിന്ന് തെക്കേപ്പുറം, മന്ദിരം, ഇടക്കുളം വഴിയാണ് വടശേരിക്കരയെത്തുക. അവിടെ നിന്ന് പമ്പാനദി തീരത്തു കൂടി പെരുനാട് ഭാഗത്തേക്കു സർവേ നടത്തും.

പെരുനാട്ടിൽ നിന്ന് ശബരിമല പാതയ്ക്കു സമാന്തരമായിട്ടാണ് പാത വിഭാവന ചെയ്തിരിക്കുന്നത്. വന്യമൃഗങ്ങൾക്കു ഭീഷണിയാകാത്ത വിധം സംരക്ഷണം നൽകുകയാണ് ഇതുവഴി ലക്ഷ്യമിടുന്നത്.

ശേഷിക്കുന്ന ദൂരം പമ്പാനദിയുടെ തീരത്തു കൂടി കടന്നു പോയാൽ അത്തിക്കയം, തോണിക്കടവ്, പെരുന്തേനരുവി, കുരുമ്പൻമൂഴി, അരയാഞ്ഞിലിമണ്ണ്, കണമല, കിസുമം മൂലക്കയം വഴി പാത നിർമിക്കേണ്ടിവരും. ഇതു ദൂരക്കൂടുതലാണ്.

# മലയോരഹൈവേ പദ്ധതി; അവലോകന യോഗം ചേർന്നു

**പീരുമേട്:** സംസ്ഥാനത്ത് നടപ്പിലാക്കുന്ന മലയോരഹൈവേ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് അവലോകന യോഗം ചേർന്നു. മുഖ്യമന്ത്രിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി എസ് കാർത്തികേയന്റെ ആഭിമുഖ്യത്തിൽ ഉച്ചയ്ക്ക് 12 മണിക്ക് ഓൺലൈനായി നടന്ന യോഗത്തിൽ ഇടുക്കി ജില്ലയിൽ മലയോരഹൈവേ പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന പീരുമേട്ദേവികുളം റോഡിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തി. ചപ്പാത്ത് മുതൽ പുളിയന്മല വരെ നാല് ഘട്ടങ്ങളായാണ് റോഡ് നിർമ്മാണം പൂർത്തീകരിക്കുക.

ചപ്പാത്ത് മുതൽ മേരികുളം വരെയുള്ള അഞ്ചര കിലോമീറ്റർ, മേരികുളം മുതൽ നരിയംപാറ വരെയുള്ള 12.7 കിലോമീറ്റർ, നരിയംപാറ മുതൽ കട്ടപ്പന വരെയുള്ള 2.9 കിലോമീറ്റർ തുടങ്ങി ആദ്യ മൂന്ന് സ്ട്രെച്ചുകൾക്ക് വേണ്ടി കേരള റോഡ് ഫണ്ട് ബോർഡ് പദ്ധതി നിർവഹണ ഡയറക്ടറുടെ കീഴിൽ തയ്യാറാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ പെരുവത്ത് ബിൽഡേഴ്സിനു കിഫ്ബി ഭൂമി കൈമാറിക്കഴിഞ്ഞു. മൂന്നാമത്തെ സ്ട്രെച്ചായ നരിയംപാറ മുതൽ കട്ടപ്പന വരെയുള്ള റോഡിന്റെ കലുങ്ക്, സംരക്ഷണഭിത്തി മുതലായവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. കട്ടപ്പന മുതൽ പുളിയന്മല വരെയുള്ള 6.6 കിലോമീറ്റർ റോഡിന്റെ നിർമാണപ്രവർത്തനങ്ങൾക്ക് മുന്നോടിയായി ഭൂമിയുടെ സർവേ നടപടികൾ കിഫ്ബിയുടെ ആഭിമുഖ്യത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. എല്ലക്കൽവലിയമുല്ലക്കാനം വരെയുള്ള 5 കിലോമീറ്റർ റോഡിന്റെ പ്രാഥമിക നിർമ്മാണ പ്രവൃത്തികളും ആരംഭിച്ചു കഴിഞ്ഞു.

ജില്ലയിൽ നിന്ന് കെആർഎഫ്ബി ജില്ലാ പ്രൊജക്റ്റ് ഡയറക്ടർ ഡാർലിൻ കാർമലീറ്റ ഡിക്രൂസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ മിനി മാത്യു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്നിത ആർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# മെഡിക്കൽ കോളജ് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് യാഥാർഥ്യമാകുന്നു



**തൃശൂർ:** ഗവ. മെഡിക്കൽ കോളജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് യാഥാർത്ഥ്യമാകുന്നു. പദ്ധതിയ്ക്ക് കിഫ്ബിയുടെ സാന്പത്തിക അനുമതി ലഭിച്ചു. 277.77കോടി രൂപയുടെ പദ്ധതിയായ അമ്മയും കുഞ്ഞും ബ്ലോക്കിന് പിന്നാലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പദ്ധതിയ്ക്ക് കിഫ്ബിയുടെ 199.41 കോടി രൂപ സാന്പത്തിക അനുമതിയായി.

മെഡിക്കൽ കോളജിനെ മികവിൻറെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് സംസ്ഥാന സർക്കാർ നേതൃത്വം നൽകുന്നത്. കഴിഞ്ഞ മാസം 40 കോടി രൂപയുടെ 26 പദ്ധതികളാണ് നാടിന് സമർപ്പിച്ചത്. സമീപ ജില്ലകളിൽ നിന്നുൾപ്പടെ തൃശൂർ ഗവ. മെഡിക്കൽ കോളജിനെ ആശ്രയിക്കുന്ന സാധാരണകാർക്ക് വലിയ ആശ്വാസമാവുകയാണ് സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ.

മെഡിക്കൽ കോളജിൻറെ ചരിത്രത്തിലെ ഏറ്റവും വലിയ പദ്ധതികളിൽ ഒന്നാകും സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്. സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ ന്യൂറോളജി, ന്യൂറോസർജറി, കാർഡിയോളജി, പ്ലാസ്റ്റിക് സർജറി, നെഫ്രോളജി, ഗ്യാസ്ട്രോ എൻററോളജി, യൂറോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ഒരുക്കും.

അമ്മയും കുഞ്ഞും ബ്ലോക്കിന് ഏപ്രിൽ മാസത്തിൽ കിഫ്ബിയുടെ സാന്പത്തിക അനുമതി ലഭിച്ചു. അതിനു പിന്നാലെയാണ് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പദ്ധതിയ്ക്ക് കിഫ്ബിയുടെ 199.41 കോടി രൂപ സാന്പത്തിക അനുമതി ലഭിച്ചിരിക്കുന്നത്. ഘട്ടം ഘട്ടമായുള്ള പ്രവർത്തനങ്ങളിലൂടെ തൃശൂർ ഗവ. മെഡിക്കൽ കോളജ് വികസന പടവുകൾ കയറുകയാണ്. അത്യാധുനിക ചികിത്സ ലഭ്യമാക്കുന്ന സാധാരണക്കാരുടെ ആശുപത്രിയാക്കി മെഡിക്കൽ കോളജിനെ ഉയർത്തി.

പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ഇൻകൽ പ്രവർത്തിക്കുന്നു. സേവ്യർ ചിറ്റിലപ്പിള്ളി എം എൽ എ യുടെ നേതൃത്വത്തിൽ കിഫ്ബി ഇൻകൽ പ്രതിനിധികളുടെയും മെഡിക്കൽ കോളജ് ഉദ്യോഗസ്ഥരുടെയും റിവ്യൂ യോഗങ്ങൾ നടന്നു

# പേവിഷ ബാധ: ആന്റി റേബീസ് ഇമ്യൂണോ ഗ്ലോബുലിന് ക്ഷാമം



**പത്തനംതിട്ട:** പേവിഷ ബാധയ്ക്കെതിരെയുള്ള ഐഡിആർവി വാക്സീനൊപ്പം എടുക്കുന്ന ആന്റി റേബീസ് ഇമ്യൂണോ ഗ്ലോബുലിൻ ആന്റിബോഡി മരുന്നിനു ജില്ലയിൽ ക്ഷാമം. ജില്ലയിലെ 7 ആശുപത്രികളിൽ രണ്ടിടത്തു മാത്രമാണ് ഇപ്പോൾ മരുന്ന് ലഭ്യമായിട്ടുള്ളത്. അതും അവിടുത്തെ കാരുണ്യ ഫാർമസികളിൽ മാത്രം. കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ വഴിയാണു ജില്ലകളിലേക്കു മരുന്ന് എത്തിച്ചിരുന്നത്. ഇതിനു കാലതാമസം വരുന്നതിനാൽ ആശുപത്രികൾ അവരുടെ ഫണ്ട് ഉപയോഗിച്ചു മരുന്നുവാങ്ങി ആവശ്യക്കാർക്കു ലഭ്യമാക്കണമെന്നാണ് നിർദേശം. മേയ് അവസാനത്തോടെ സ്റ്റോക്ക് എത്തുമെന്ന് അറിയിച്ചിരുന്നെങ്കിലും എത്തിയിട്ടില്ല. കോന്നി മെഡിക്കൽ കോളജ്, കോഴഞ്ചേരി ജില്ലാ ആശുപത്രി, പത്തനംതിട്ട, അടൂർ ജനറൽ ആശുപത്രികൾ, റാന്നി, തിരുവല്ല താലൂക്ക് ആശുപത്രികൾ, പമ്പ സിഎച്ച്സി എന്നിവിടങ്ങളിലാണ് ആന്റി റേബീസ് ഇമ്യൂണോ ഗ്ലോബുലിൻ ലഭ്യമായിരുന്നത്.

മെഡിക്കൽ കോളജ് ആശുപത്രിയിലെയും പത്തനംതിട്ട ജനറൽ ആശുപത്രിയിലെയും കാരുണ്യ കേന്ദ്രങ്ങളിൽ മാത്രമാണ് ഇപ്പോൾ മരുന്നുള്ളത്.പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ശനിയാഴ്ചയാണു മരുന്നെത്തിച്ചത്. എത്തിക്കുന്ന മരുന്നു രണ്ടുദിവസത്തിനുള്ളിൽ തീരുന്ന സ്ഥിതിയാണിപ്പോൾ. ചികിത്സയ്ക്കെത്തിയവരിൽ ഭൂരിഭാഗം പേരും പുറത്തെ ഫാർമസികളിൽനിന്നു വലിയ തുക നൽകി മരുന്നു വാങ്ങുകയാണ്. അയൽജില്ലകളിലെ ആശുപത്രികളിലും ക്ഷാമമുള്ളതിനാൽ പത്തനംതിട്ടയിലെ ആശുപത്രികളിലെത്തി കുത്തിവയ്പെടുക്കുന്നവരുടെ എണ്ണവും കൂടുതലായതു മരുന്നിന്റെ ലഭ്യത വീണ്ടും കുറയ്ക്കുന്നു.

മൃഗങ്ങളുടെ കടിയേറ്റാൽ ചെറിയ പരുക്കുകളോ സാരമില്ലാത്ത മുറിവുകളോ ആണെങ്കിൽ തുടക്കത്തിൽ പൊതുവേ നൽകിയിരുന്നത് ഐഡിആർവി (ഇൻട്രാ ഡെർമൽ റേബീസ് വാക്സിനേഷൻ) വാക്സീൻ ആയിരുന്നു.

എന്നാൽ ആഴത്തിൽ മുറിവേറ്റാൽ ഐഡിആർവി വാക്സീനൊപ്പം ആന്റി റേബീസ് ഇമ്യൂണോ ഗ്ലോബുലിൻ കുത്തിവയ്പുകൂടി എടുക്കണം. റാന്നി പെരുനാട്ടിൽ നായയുടെ കടിയേറ്റു പെൺകുട്ടി മരിച്ചശേഷമാണ് അപകടസാധ്യത കുറയ്ക്കാൻ ഇമ്യൂണോ ഗ്ലോബുലിൻ നൽകുന്നത് നിർബന്ധമാക്കിയത്.

ചെറിയ മുറിവാണെങ്കിൽപോലും ഇപ്പോൾ മിക്ക ആശുപത്രികളിലും ഡോക്ടർമാർ ഈ കുത്തിവയ്പ് എടുക്കാൻ നിർദേശിക്കുന്നുണ്ട്.

ഉപയോഗം കൂടിയതോടെ മരുന്നിന്റെ ലഭ്യത കൂട്ടാൻ കേരള മെഡിക്കൽ സർവീസസ് കോർപറേഷന് പർച്ചേസ് ഓർഡർ കൊടുത്തിട്ടുണ്ട്.

കഴിഞ്ഞ രണ്ടു വർഷമായി ടെൻഡർ നടപടികളിൽ കാലതാമസം വരുന്നതിനാൽ ഇപ്പോഴും പല മരുന്നുകളും എത്തുന്നത് വൈകുകയാണ്.

# സുസ്ഥിര ചുറ്റുവട്ടം പദ്ധതി; ആദ്യ ഘട്ടം പൂർത്തീകരിച്ചു




**കൊച്ചി:** കൊച്ചി നേരിടുന്ന കാലാവസ്ഥ വ്യതിയാനം അടക്കമുള്ള വെല്ലുവിളികളെ നേരിടുന്നതിന് വികസന പ്രവർത്തനങ്ങൾ സുസ്ഥിരമാക്കി നടപ്പിലാക്കുന്നതിനുള്ള മാതൃക പദ്ധതിയായി വിഭാവനം ചെയ്ത സുസ്ഥിര ചുറ്റുവട്ടം പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിച്ചു. എളമക്കര ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ചടങ്ങിൽ ഇന്ത്യയിലെ ജർമൻ അംബാസഡർ ഡോ. ഫിലിപ്പ് അക്കർമാനാണ് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചത്. ചടങ്ങിൽ മേയർ അഡ്വ. എം അനിൽകുമാർ അധ്യക്ഷത വഹിച്ചു.യൂറോപ്പിലെ പ്രശസ്തമായ ഗവേഷണ സ്ഥാപനമായ ഫ്രോൺഹോഫറിന്റെയും കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അർബൻ അഫയേഴ്സിന്റെയും യൂണിവേഴ്സിറ്റി ഓഫ് സ്റ്റുഡ്ഗാർട്ടിന്റെയും സാങ്കേതിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയുടെ പൈലറ്റ് മോഡൽ എളമക്കര നോർത്ത് ഡിവിഷനിലും പുതുക്കലവട്ടം ഡിവിഷനിലുമായയാണ് നടപ്പിലാക്കിയിട്ടുള്ളത്. ജർമൻ ഗവൺമെന്റ് ഏജൻസിയായ ജി ഐ ഇസഡും പദ്ധതി നടത്തിപ്പിന് പിന്തുണ നൽകിയിട്ടുണ്ട്. എളമക്കര ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ പ്രകൃതി അധിഷ്ഠിതമായ മലിനജല സംസ്കരണവും, മാതൃകാപരമായ ഹരിത റൂഫിങ് സംവിധാനവും, കൂൾ റൂഫിങ് സംവിധാനവും തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ സ്കൂളിലെ വൈദ്യുതി ഉപയോഗം പൂർണ്ണമായും സൗരവത്കരിച്ചിട്ടുണ്ട്. ഇതിലൂടെ പൂർണ്ണമായും സൗരവത്കരിച്ച കേരളത്തിലെ ആദ്യത്തെ സ്കൂൾ ആയി എളമക്കര ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ മാറും. എളമക്കര നോർത്ത് ഡിവിഷനിലുള്ള തിരഞ്ഞെടുത്ത 15 വീടുകളും പദ്ധതിയുടെ ഭാഗമായി സൗരവത്കരിച്ചിട്ടുണ്ട്. ഈ പദ്ധതി സുസ്ഥിര വികസനത്തിന് വലിയൊരു മാതൃകയാണെന്നും പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള എല്ലാ സഹായവും വിവിധ ജർമ്മൻ ഏജൻസികളുടെ സഹായത്തോടെ കൊച്ചി നഗരത്തിന് നൽകും എന്നും ഈ പദ്ധതി യാഥാർത്ഥ്യമാക്കാൻ മുന്നിൽ നിന്നമേയറേയും നഗരത്തെയും അഭിനന്ദിക്കുന്നു എന്നും ജർമൻ അംബാസഡർ ഡോ. ഫിലിപ്പ് അക്കർമാൻ പറഞ്ഞു.ഈ പൈലറ്റ് പദ്ധതി ഒരു മാതൃകയാക്കി വിവിധ ഏജൻസികളുടെ സഹായത്തോടെ നഗരത്തിലെ മറ്റു പ്രദേശങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുമെന്ന് മേയർ അഡ്വ. എം അനിൽകുമാർ പറഞ്ഞു. പദ്ധതി വിവരങ്ങൾ അടങ്ങിയ വെബ്സൈറ്റിന്റെ ഉദ്ഘാടനം കൊച്ചി നഗരസഭ വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി ആർ റെനീഷ് നിർവഹിച്ചു. സ്കൂൾ ഗാർഡൻ പരിപാലിക്കുന്നതിനുള്ള ഗാർഡൻ ഗൈഡും ഗാർഡൻ കിറ്റും ഡിവിഷൻ കൗൺസിലർ . സീന ടീച്ചർ വിദ്യാർത്ഥികൾക്ക് കൈമാമാറി. ഫ്രോൺഹോഫർ ഇന്ത്യ ഡയറക്ടർ ആനന്ദി അയ്യർ മുഖ്യപ്രഭാഷണം നടത്തി. എൻ ഐ യു എ അസോസിയേറ്റ് പ്രൊഫസർ ദേബ്ജാനി ഘോഷ്, സിഹെഡിന്റെ എൺവയോൺമെന്റ് എഞ്ചിനീയർ ചിന്നു മേരി എന്നിവർ പദ്ധതി അവതരണം നടത്തി.

# പ്രവാസി പുനരധിവാസ വായ്പ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നോർക്ക റൂട്ട്സുമായി ചേർന്ന് നടപ്പിലാക്കുന്ന പ്രവാസി പുനരധിവാസ വായ്പ പദ്ധതിക്ക് കീഴിൽ വായ്പ അനുവദിക്കുന്നതിനായി സംസ്ഥാനത്തെ വിവിധ ജില്ലകളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകത്വ ഗുണമുള്ള യുവതീ യുവാക്കളിൽ നിന്നും അപേക്ഷകൾ ക്ഷണിയ്ക്കുന്നു.അപേക്ഷകർ പട്ടികവിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരും , 18 നും 55 നും മദ്ധ്യേ പ്രായമുള്ളവരുമായിരിയ്ക്കണം. ചുരുങ്ങിയത് 2 വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത് മടങ്ങി വരുന്ന പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനാണ് പരമാവധി 20 ലക്ഷം രൂപ വരെ ഈ വായ്പ അനുവദിക്കുന്നത്. നൽകുന്ന വായ്പയുടെ 15% ബാക്ക് എന്റഡ് സബ്സിഡി ആയും, തിരിച്ചടവ് വീഴ്ച കൂടാതെ നടത്തുന്ന സംരംഭ കർക്ക് ആദ്യത്തെ 4 വർഷ കാലത്തേക്ക് 3% പലിശ സബ്സിഡിയായും നോർക്ക റൂട്ട്സ് അനുവദിക്കുന്നതാണ്. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനമനുസരിച്ചാണ് വായ്പകൾ നൽകുക, 3.50 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള അപേക്ഷകർക്ക് 5 ലക്ഷം രൂപയും, 5 മുതൽ 10 ലക്ഷം രൂപ വരെ വരുമാനമുള്ള അപേക്ഷകർക്ക് 10 ലക്ഷം രൂപയും, 1 മുതൽ 15 ലക്ഷം രൂപ വരെ വരുമാനമുള്ള അപേക്ഷകർക്ക് 20 ലക്ഷം രൂപയുമാണ് പരമാവധി വായ്പ നൽകുക. കൃത്യമായ തവണ സംഖ്യകൾ തിരിച്ചടക്കുന്നവർക്ക്, നോർക്ക് സബ്സിഡി പരിഗണിക്കുമ്പോൾ വായ്പയുടെ പലിശ നിരക്ക് 4% മുതൽ 6% വരെയും, തിരിച്ചടവ് കാലയളവ് 5 വർഷ തെരഞ്ഞെടുക്കപ്പെടുന്നവർ ഈടായി കോർപ്പറേഷന്റെ നിബന്ധനകൾക്കനുസരിച്ച് ആവശ്യമായ ഉദ്യോഗസ്ഥ ജാമ്യമോ, വസ്തു ജാമ്യമോ ഹാജരാക്കേണ്ടതാണ്.താൽപ്പര്യമുള്ള അപേക്ഷകർ അപേക്ഷ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കുമായി കോർപ്പറേഷന്റെ ബന്ധപ്പെട്ട ജില്ലാ ഓഫീസുകളുമായി ബന്ധപ്പെടേണ്ടതും നിശ്ചിത മാതൃകയിൽ അപേക്ഷ സമർപ്പിക്കേണ്ടതുമാണ്. അപേക്ഷയോടൊപ്പം ജാതി, കുടുംബ വാർഷിക വരുമാനം, വയസ്സ് എന്നിവ തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പ് കൂടി ഉള്ളടക്കം ചെയ്യേണ്ടതാണ്. അപേക്ഷയും അനുബന്ധ രേഖകളും നോർക്ക റൂട്ട്സിന്റെ വെബ്സൈറ്റ് വഴി ഓൺലൈനായി സമർപ്പിച്ച് അപേക്ഷകർ രജിസ്ട്രേഷൻ നടത്തേണ്ടതിനാൽ ജില്ലാ ഓഫീസിൽ നിന്നും പിന്നീട് ആവശ്യപ്പെടുന്ന മുറയ്ക്ക് മറ്റു വിവരങ്ങൾ ഹാജരാക്കേണ്ടതാണ്. നോർക്കാ റൂട്ട്സിന്റെ പരിശോധനക്കു ശേഷമായിരിക്കും കോർപ്പറേഷൻ തുടർന്ന് വായ്പക്കായി പരിഗണിക്കുക.

# കുഫോസ് അത്ലറ്റിക്സ് മത്സരങ്ങൾ തുടങ്ങി



**കൊച്ചി :** കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിൽ ( കുഫോസ്) അത്ലറ്റിക്സ് മത്സരങ്ങൾ തുടങ്ങി. കേരള ക്രിക്കറ്റ് ടീം മുൻ ക്യാപ്റ്റനും ഐ.പി.എൽ താരവുമായ സച്ചിൻ ബേബി മത്സരങ്ങൾ ഉത്ഘാടനം ചെയ്തു. വൈസ് ചാൻസലർ ഡോ.എം.റോസലിന്റ് ജോർജ് മുഖ്യാതിഥിയായിരുന്നു. സായ് ക്രിക്കറ്റ് കോച്ച് റോബിൻ മേനോൻ, രജിസ്ട്രാർ ഡോ.ദിനേശ് കൈപ്പിള്ളി, സ്റ്റുഡൻറസ് പാട്രൺ ഡോ.എം.കെ.സജീവൻ, യൂണിയൻ ജനറൽ സെക്രട്ടറി എ.ജംഷിയ, ചെയർപേഴ്സൺ പി.നിധിൻ, ആർട്ട്സ് ക്ളബ്ബ് സെക്രട്ടറി എം.ബി. മാളവിക എന്നിവർ പ്രസംഗിച്ചു.പയ്യന്നൂർ ഫിഷറീസ് കോളേജ്, പുതുവൈപ്പിൻ ഫിഷറീസ് സ്റ്റേഷൻ കാമ്പസ് എന്നിവയടക്കം ഒൻപത് ടീമുകളായിട്ടാണ് കുഫോസിലെ വിദ്യാർത്ഥികൾ മത്സരിക്കുന്നത്. മത്സരങ്ങൾ നാളെ സമാപിക്കും.

# വാഹനം ലേലം ചെയ്യുന്നു

**കൊച്ചി :** കേരള അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ സൂക്ഷിച്ചിരിക്കുന്ന 2011 മോഡൽ വോൾസ് വാഗൺ വെൻഡോ വാഹനം പരസ്യ ലേലം ചെയ്യുന്നു. 24 ന് ഉച്ചയ്ക്ക് 2 ന് ലേലം നടക്കും. ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ടെൻഡറുകൾ മുദ്ര വച്ച കവറിൽ 23ന് വൈകീട്ട് 4 നകം എത്തിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484 2395050, 2395052, 2395078

# കർഷകചന്ത സംഘടിപ്പിച്ചു

**കൊച്ചി:** കർഷകരുടെ ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് നേരിട്ട് വില്പന നടത്തുന്നതിന്റെ ഭാഗമായി എടവനക്കാട് കൃഷിഭവനിൽ കർഷക ചന്ത സംഘടിപ്പിച്ചു. പറവൂർ,വൈപ്പിൻ ബ്ലോക്കുകളിലെ 11 കൃഷിഭവനിലെ 110 കർഷകർ ജൈവതീരം ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷന്റെ നേതൃത്വത്തിലാണ് കർഷക ചന്ത ഒരുക്കിയിരിക്കുന്നത്. എടവനക്കാട് കൃഷിഭവനിൽ രാവിലെ ആരംഭിച്ച കർഷക ചന്തയ്ക്ക് നല്ല രീതിയിലുള്ള സ്വീകാര്യതയാണ് ജനങ്ങളിൽ നിന്ന് ലഭിച്ചത്.കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന കാർഷിക ഉത്പന്നങ്ങളും മൂല്യവർദ്ധിത ഉത്പന്നങ്ങളുമാണ് കർഷക ചന്ത വഴി വില്പന നടത്തുന്നത്.പൊക്കാളി അരി,അവൽ,ഉണക്കച്ചെമ്മീൻ, പച്ചക്കറി,മഞ്ഞൾപൊടി, കുടംപുളി,മറ്റു കാർഷിക ഉൽപ്പന്നങ്ങൾ ഫുഡ് പ്രോഡക്റ്റ്സ് എന്നിവ മികച്ച ഗുണനിലവരത്തോടെ കർഷക ചന്ത വഴി വിപണനം നടത്തി. ഇനിമുതൽ എല്ലാ വ്യാഴാഴ്ചയും കർഷകചന്ത സജീവമാക്കാൻ ജൈവതീരം ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ (എഫ്.പി.ഒ) തീരുമാനിച്ചു.

# അക്കൗണ്ടന്റ് താത്കാലിക ഒഴിവ്

**തിരുവനന്തപുരം:** ആലപ്പുഴ ജില്ലയിലെ ഒരു സർക്കാർ സ്ഥാപനത്തിൽ അക്കൗണ്ടന്റ് തസ്തികയിൽ ഒരു താത്കാലിക ഒഴിവുണ്ട്. അംഗീകൃത സർവകലാശാലയിൽ നിന്നുള്ള കൊമേഴ്സ് / മാത്സ് ബിരുദവും ഒരു വർഷത്തെ പ്രവൃത്തിപരിചയവും കമ്പ്യൂട്ടർ പരിജ്ഞാനവുമുള്ളവർക്ക് അപേക്ഷിക്കാം. പ്രായപരിധി 01.01.2023 ൽ 1840 (നിയമാനുസൃത വയസിളവ് അനുവദനീയമല്ല). ശമ്പളം 18,536 രൂപ. യോഗ്യതയുള്ളവർ വിദ്യാഭ്യാസ യോഗ്യത, പ്രായം, ജാതി, തൊഴിൽ പരിചയം, എന്നിവ തെളിയിക്കുന്ന എല്ലാ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം അതത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ജൂൺ 22നകം പേര് രജിസ്റ്റർ ചെയ്യണം.

# സ്കൂളുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിച്ച് ഇസാഫ് ബാങ്ക്



**തൃശൂർ:** സുസ്ഥിര ഊർജ്ജ സംരക്ഷണത്തെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് തൃശൂരിലെ ഏഴ് സ്കൂളുകൾക്ക് സോളാർ പ്ലാന്റുകൾ സ്ഥാപിച്ചു നൽകി. ഇസാഫ് ബാങ്ക് എംഡിയും സിഇഒയുമായ കെ. പോൾ തോമസ് പദ്ധതിയുടെ ഔദ്യോഗിക സമർപ്പണം നടത്തി. ഊർജ്ജ സുരക്ഷയ്ക്ക് പുനരുപയോഗ ഊർജ്ജത്തിന്റെ ഉപയോഗം വളരെ പ്രധാനമാണെന്നും സുസ്ഥിരതയെ പ്രോത്സാഹിപ്പിക്കുന്നതിൽ ഇസാഫിന്റെ പ്രതിജ്ഞാബദ്ധതയ്ക്കുള്ള തെളിവാണ് ഈ പദ്ധതിയെന്നും കെ. പോൾ തോമസ് പറഞ്ഞു. സുസ്ഥിര ഊർജ്ജ സ്രോതസ്സുകളുടെ ഉപയോഗത്തെ കുറിച്ചുള്ള അറിവ് കുട്ടികൾക്ക് പകരാനും ഇതു സഹായിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വിവിധ മേഖലകളിലെ പ്രമുഖർ വിവിധ സ്കൂളുകളിലായി പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. കഴിമ്പ്രം വിപിഎം എസ്എൻഡിപി എച്ച്എസ്എസിൽ നാട്ടിക എംഎൽഎ സി. സി. മുകുന്ദൻ, ചേർപ്പ് സിഎൻഎൻ ബോയ്സ് എച്ച്എസിൽ പത്മശ്രീ പെരുവനം കുട്ടൻ മാരാരും, മരോട്ടിച്ചാൽ എയുപിഎസിൽ എഇഒ പി. എം. ബാലകൃഷ്ണനും, ചെറളയം എച്ച് സിസിജി യുപി എസിൽ ഇസാഫ് ബാങ്ക് ബിസി ഹെഡ് സൈബു കെ.എ.യും തൃത്തല്ലൂർ യുപി സ്കൂളിൽ ഡിഇഒ അജിത കുമാരിയും പാടൂർ വാണിവിലാസം യുപി സ്കൂളിൽ ഇസാഫ് ബാങ്ക് ഓപ്പറേഷൻസ് ഹെഡ് എം. പി. പീറ്ററും, തൃശൂർ വിവേകോദയം ബിഎച്ച്എസ്എസിൽ മുൻ ലോക് സഭ സ്പീക്കർ അഡ്വ. തേറമ്പിൽ രാമകൃഷ്ണനും ഉദ്ഘാടനം നിർവഹിച്ചു. ഇസാഫ് ഫൗണ്ടേഷൻ ഡയറക്ടർ ഡോ. ജേക്കബ് സാമുവൽ, സെഡാർ റീട്ടെയിൽ എം ഡി അലോക് തോമസ് പോൾ, പ്രചോദൻ ഡെവലപ്മെന്റ് സർവീസസ് ഡയറക്ടർ എമി അച്ചാ പോൾ, ഇസാഫ് ബാങ്ക് സിസിഒ സുദേവ് ??കുമാർ വി., സസ്റ്റൈനബിൾ ബാങ്കിംഗ് ഹെഡ് റെജി കോശി ഡാനിയൽ, ബ്രാൻഡിംഗ് & കമ്മ്യൂണിക്കേഷൻസ് ഹെഡ് സോണി വി. മാത്യു, മാർക്കറ്റിംഗ് ഹെഡ് ശ്രീകാന്ത് സി. കെ., മൈക്രോ ബാങ്കിംഗ് ഹെഡ് അനിത ശേഖർ എന്നിവരും ചടങ്ങിൽ സംസാരിച്ചു. പുനരുപയോഗ ഊർജത്തിന്റെയും പരിസ്ഥിതി സൗഹൃദ ഊർജസ്രോതസ്സുകളുടേയും പ്രാധാന്യത്തെ കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം വളർത്തുന്നതിലൂടെ അടുത്ത തലമുറയ്ക്ക് ഹരിത ഭാവിയിലേക്കുള്ള വഴി തുറക്കുകയാണ്.

## കെൽട്രോണിന്റെ എറണാകുളം സെന്ററിൽസ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിന്റെ എറണാകുളം സെന്ററിൽ ഒരു വർഷം ദൈർഘ്യമുള്ള ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ് വെയർ & നെറ്റ് വർക്ക് മെയ്ന്റനൻസ് വിത്ത് ഇഗാഡ്ജറ്റ് ടെക്നോളജി എന്ന കോഴ്സിലേക്ക് ഒഴിവുള്ള സീറ്റുകളിൽ സ്പോട്ട് അഡ്മിഷൻ ആരംഭിച്ചു. അവസാന തിയതി ജൂൺ 20. പ്രായപരിധിയില്ല. വിദ്യാഭ്യാസയോഗ്യത: പ്ലസ് ടു കൂടുതൽ വിവരങ്ങൾക്ക് 04842971400, 8590605259 എന്ന ഫോൺനമ്പറിലോ, ഹെഡ് ഓഫ് സെന്റർ, കെൽട്രോൺ നോളേജ് സെന്റർ, കലൂർ, എറണാകുളം082017 എന്ന വിലാസത്തിലോ ബന്ധപ്പെടുക.

## കൈറ്റിന്റെ സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിത ഡിടിപി കോഴ്സ്

**കൊച്ചി:** ലൈസൻസ് നിയന്ത്രണങ്ങളില്ലാതെ ഉപയോഗിക്കാൻ കഴിയുന്ന സ്വതന്ത്ര ഡിടിപി സോഫ്റ്റ്‌വെയറിൽ ഓൺലൈൻ പരിശീലനത്തിന് കൈറ്റ് അപേക്ഷ ക്ഷണിച്ചു. കൈറ്റിന്റെ ഓൺലൈൻ പരിശീലന പ്ലാറ്റ്ഫോം ആയ 'കൂൾ' വഴിയാണ് നാലാഴ്ച നീുനിൽക്കുന്ന പരിശീലനം. www.kite.kerala.gov.in എന്ന പോർട്ടലിലൂടെ രജിസ്ട്രേഷൻ നടത്താം. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കൈറ്റ് സർട്ടിഫിക്കറ്റ് നൽകും. 2,000/ രൂപയും 18 % ജി.എസ്.ടി ' യുമാണ് കോഴ്സ് ഫീ.ലോഗോകൾ, മാഗസിൻ, ഫോട്ടോ ബുക്ക്, ഡിജിറ്റൽ ബുക്ക് എന്നിവയുടെ ലേ ഔട്ട് നിർമ്മിക്കാനും ഡിസൈൻ ചെയ്യാനും സ്ക്രൈബസ് ഉപയോഗിക്കാം!. ബിസിനസ് കാർഡുകൾ, പോസ്റ്റ്കാർഡുകൾ, ബുക്ക് കവറുകൾ, ഫ്ലൈയറുകൾ, സോഷ്യൽ മീഡിയ പോസ്റ്ററുകൾ, ലഘുചിത്രങ്ങൾ എന്നിവ തയ്യാറാക്കാനും! സ്ക്രൈബസ് കൊ് സാധിക്കും. വിൻഡോസ് കമ്പ്യൂട്ടറുകളിലും, ലിനക്സ്, ഉബുു കമ്പ്യൂട്ടറുകളിലും സ്!ക്രൈബസ് പ്രവർത്തിക്കും.

## പ്രൊഡക്ഷൻ അസിസ്റ്റന്റുമാരെ ക്ഷണിക്കുന്നു

**കൊച്ചി:** വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ പ്രതിവാര ടെലിവിഷൻ പരിപാടിയായ പ്രിയകേരളം ,റേഡിയോ പരിപാടിയായ ജനപഥം , ഇൻഫോവീഡിയോകൾ എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സെക്രട്ടറിയേറ്റ് കേന്ദ്രീകരിച്ച് പാനൽ അടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ പ്രൊഡക്ഷൻ അസിസ്റ്റന്റുമാർക്കായി അപേക്ഷകൾ ക്ഷണിക്കുന്നു. യോഗ്യത: ജേണലിസത്തിൽ ബിരുദാനന്തര ബിരുദം/ പി ജി ഡിപ്ലോമ , ദൃശ്യമാധ്യമ രംഗത്ത് കുറഞ്ഞത് അഞ്ച് വർഷത്തെ പ്രവൃത്തി പരിചയം . പ്രായപരിധി 36 വയസ്സ് .പീസ് വർക്ക് അടിസ്ഥാനത്തിലാണ് പ്രതിഫലം നല്കുക.സി വി അടങ്ങിയ അപേക്ഷകൾ ജൂൺ 25 നു മുൻപായി നേരിട്ടും ഡയറക്ടർ , ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് , സൗത്ത് ബ്ലോക്ക്, സെക്രട്ടറിയേറ്റ് 1 എന്ന വിലാസത്തിലും ു്യേറ്റ്ഴ്യ്മാലൃ്യീൗ ല്യ@ഴാമശഹ.രീ എന്ന ഇ മെയിലിലും സ്വീകരിക്കുന്നതാണ് . നേരിട്ടോ തപാലിലോ അപേക്ഷകൾ നൽകുന്നവർ കവറിന് പുറത്ത് പ്രിയകേരളം പ്രൊഡക്ഷൻ അസിസ്റ്റന്റ് / കന്റ് ഡെവലപ്പർ എന്ന് രേഖപ്പെടുത്തണം.

## ട്രാഫിക് നിയമങ്ങൾ കർശനമാക്കി ടെക്നോപാർക്ക്

**തിരുവനന്തപുരം:** ടെക്നോപാർക്കിനുള്ളിൽ ട്രാഫിക് നിയമങ്ങൾ കർശനമാക്കുന്നു. ജൂൺ 12 മുതൽ ജീവനക്കാരുടെ സുരക്ഷ മുൻനിർത്തി ടെക്നോപാർക്ക് ക്യാമ്പസിനുള്ളിൽ ട്രാഫിക് നിയമങ്ങൾ കൃത്യമായി പാലിക്കുന്നുണ്ട് ഉറപ്പാക്കും. ഹെൽമറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ധരിക്കാതെയുള്ള യാത്ര, വാഹനമോടിക്കുമ്പോഴുള്ള മൊബൈൽ ഉപയോഗം, ഇരുചക്ര വാഹനങ്ങളിൽ രിലധികം പേരുടെ യാത്ര, അമിതവേഗത എന്നീ നിയമലംഘനങ്ങൾ തടയാനാണ് പുതിയ നടപടി.

## കുട്ടികൾക്ക് പ്രിയമേറുന്ന ചിത്രക്കൂടാരം ; മാതൃകയായി പുത്തൻതോട് ഗവ. ഹയർസെക്കന്ററി സ്ക്കൂൾ



**കൊച്ചി:** പ്രീപ്രൈമറി കുട്ടികൾക്ക് പ്രിയമേറുന്ന ചിത്രക്കൂടാരമൊരുക്കി മികവിന്റെ മാതൃകയായി ചെല്ലാനം പുത്തൻതോട് ഗവ. ഹയർ സെക്കന്ററി സ്ക്കൂൾ. ചിത്രക്കൂടാരത്തിനുള്ളിൽ ഒരുക്കിയ ത്രിമാന ചിത്രങ്ങളും വ്യത്യസ്തമാർന്ന കളി ഉപകരണങ്ങളുമെല്ലാം കുട്ടികൾക്കും മാതാപിതാക്കൾക്കും പുത്തൻ അനുഭവമായി മാറുകയാണ്. അന്താരാഷ്ട്ര നിലവാരമുള്ള പഠനസൗകര്യം ഒരുക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന വർണ്ണക്കൂടാരം പദ്ധതിയുടെ ഭാഗമായി അനുവദിച്ച 10 ലക്ഷം രൂപ ഫണ്ട് വിനിയോഗിച്ചാണ് പുത്തൻതോട് ഗവ. ഹയർസെക്കന്ററി സ്ക്കൂൾ ചിത്രക്കൂടാരം ഒരുക്കിയത്. രണ്ട് മാസം കൊണ്ട് നിർമ്മിച്ച ഈ കൂടാരത്തിൽ കുട്ടികൾക്ക് ആസ്വദിച്ച് പഠിക്കാൻ സഹായിക്കുന്ന വരയിടം, ഭാഷായിടം, ഗണിതയിടം, ഇഇടം തുടങ്ങിയ 13 ഇടങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. പ്രീ പ്രൈമറിയിൽ നൂറിലധികം വിദ്യാർത്ഥികൾ പഠിക്കുന്ന സ്ക്കൂളിൽ നാല് ക്ലാസ്മുറികളാണ് ചിത്രക്കൂടാരത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. ശിശുസൗഹൃദ ഫർണ്ണീച്ചറുകളും, പ്രത്യേക മാതൃകയിൽ തയ്യാറാക്കിയ ഷെൽഫുകളും, വേദികളും, സിലബസുമായി ബന്ധപ്പെട്ട ചുവരുകളിലെ വർണ്ണശഭളമാർന്ന ചിത്രങ്ങളുമെല്ലാം സാധാരണ ക്ലാസ്മുറികളിൽ നിന്നും ചിത്രക്കൂടാരത്തെ വ്യത്യസ്തമാക്കുന്നു.ഗുഹ മാതൃകയിൽ തയ്യാറാക്കിയ സെൻസറിങ് ഏരിയയും ഏറുമാടവും കഴിവുകൾ അവതരിപ്പിക്കാനുള്ള കളിയരങ്ങും കുട്ടികളുടെ വിവിധ വികാസ മേഖലകളെ പരിപോഷിപ്പിക്കാൻ സഹായിക്കുന്നതാണ്. കളി ഉപകരണങ്ങളാൽ നിറഞ്ഞ സ്ക്കൂൾ നടുമുറ്റം വിനോദപാർക്കിനെ വിസ്മരിപ്പിക്കുന്ന തരത്തിലാണ് പണിതുയർത്തിയിട്ടുള്ളത്.കളികളിലൂടെ കുട്ടികളുടെ കഴിവുകൾ മെച്ചപ്പെടുത്തുകയും ശിശുവികാസ മേഖലകളിലെ ശേഷികൾ ഉറപ്പാക്കുകയും ചെയ്യുന്ന ശാസ്ത്രീയ പ്രീ സ്കൂൾ വിദ്യാഭ്യാസ രീതിയാണ് വർണ്ണ കൂടാരം പദ്ധതിയിലൂടെ കേരളത്തിൽ നിലവിൽ നടപ്പിലാക്കി വരുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന സ്ക്കൂളുകളിലെ അധ്യാകർക്കും പി.ടി.എ അംഗങ്ങൾക്കും പ്രത്യേക പരിശീലനം നൽകിയ ശേഷം തയ്യാറാക്കുന്ന പ്രോജക്ട് പ്രകാരമാണ് പൊതു വിദ്യാലയങ്ങളിൽ വർണ്ണ കൂടാരങ്ങൾ ഒരുക്കുന്നത്.

# പുതിയ വികസന പദ്ധതികളുമായി ഇൻഡെൽ മണി

**കൊച്ചി:** പ്രമുഖ ബാങ്കിംഗ് ഇതര ധനകാര്യ കമ്പനി ഇൻഡെൽ മണി പുതിയ വികസന പദ്ധതികളുടെ ഭാഗമായി രാജ്യത്തിന്റെ മധ്യ, പശ്ചിമ മേഖലകളിലും സാന്നിധ്യം ശക്തമാക്കുന്നു.കേരളം, മഹാരാഷ്ട്ര, ഒഡീഷ, കർണാടക, ആന്ധ്ര പ്രദേശ്, തമിഴ്നാട്, തെലുങ്കാന, പുതുച്ചേരി എന്നിങ്ങനെ 8 സംസ്ഥാനങ്ങളിലായി 250 ശാഖകളാണിപ്പോൾ ഇൻഡെൽ മണിക്കുള്ളത്. 2024 സാമ്പത്തിക വർഷം മഹാരാഷ്ട്ര, ഗുജ്റാത്ത്, രാജസ്ഥാൻ, മധ്യപ്രദേശ് എന്നിവിടങ്ങളിൽ 105 പുതിയ ശാഖകൾ കൂടി തുറന്ന് വ്യാപകമായ സാന്നിധ്യം ഉറപ്പു വരുത്താനാണ് കമ്പനിയുടെ തീരുമാനമെന്ന് ഇൻഡെൽ മണി എക്സിക്യൂട്ടീവ് ഡയറക്ടറും സിഇഒയുമായ ഉമേഷ് മോഹനൻ പറഞ്ഞു. 2022 സാമ്പത്തിക വർഷത്തെയപേക്ഷിച്ച് വായ്പാ വിതരണത്തിൽ 250 ശതമാനം വളർച്ചയാണ് 2023 സാമ്പത്തിക വർഷം ഇൻഡെൽ മണി രേഖപ്പെടുത്തിയത്. പ്രതിമാസം ശരാശരി 250 കോടി രൂപവീതം 2023 സാമ്പത്തിക വർഷം 3000 കോടി രൂപയുടെ വായ്പ കമ്പനി വിതരണം ചെയ്തു. 2022 സാമ്പത്തിക വർഷം ഇത് 1050 കോടി രൂപയായിരുന്നു. വായ്പകളിൽ 92 ശതമാനവും സ്വർണ പണയത്തിൻമേലുള്ള വായ്പയാണ്. 2023 സാമ്പത്തിക വർഷത്തിൽ മാത്രം ഇൻഡെൽമണി കൈകാര്യം ചെയ്യുന്ന ആസ്തി 669 കോടി രൂപയിൽ നിന്ന് 72 ശതമാനം വർധിച്ച് 1,154 കോടി രൂപയായി ഉയർന്നിട്ടുണ്ട്. ലാഭം 4.9 കോടി രൂപയിൽ നിന്ന് 6.3 ഇരട്ടി വർധിച്ച് 31.29 കോടി രൂപയായി ഉയർന്നു.വികസനത്തിന്റെ ഈ ഘട്ടം പൂർത്തിയാകുന്നതോടെ ഗുണഭോക്താക്കളുടെ അടിത്തറയും കൈകാര്യം ചെയ്യുന്ന ആസ്തികളും വൻതോതിൽ വർധിക്കുമെന്നാണ് പ്രതീക്ഷയെന്നും ഉമേഷ് മോഹനൻ പറഞ്ഞു. ആയിരം രൂപ വീതം മുഖവിലയുള്ള കൈമാറാനാവാത്ത കടപ്പത്രങ്ങളുടെ (എൻ സി ഡി) പബ്ളിക് ഇഷ്യു ജൂൺ 6 മുതൽ 19 വരെ കമ്പനി നിർവഹിക്കുന്നുണ്ട്. മൂന്നാം ഘട്ടത്തിൽ പരമാവധി 100 കോടി രൂപയ്ക്കുള്ള കടപ്പത്രങ്ങളാണ് പുറത്തിറക്കുന്നത്. ഇതിന് പ്രതിവർഷം 12.25 ശതമാനം വരെ കൂപ്പൺ യീൽഡും ലഭിക്കും. ആദ്യ രണ്ടു ഘട്ടങ്ങളായി 2022 ,2023 സാമ്പത്തിക വർഷങ്ങളിൽ ഇഷ്യു ചെയ്ത കടപ്പത്രങ്ങൾക്ക് 169 ശതമാനം വരിക്കാരുണ്ടായിരുന്നു.റേറ്റിംഗ് ഏജൻസിയായ ക്രിസിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ അവസാനം ഇൻഡെൽ മണിയെ ട്രിപ്പിൾ ബി പ്ളസ് സ്റ്റേബിൾ കാറ്റഗറിയിലേക്ക് ഉയർത്തിയിരുന്നു. ഈയിടെ നടന്ന ബിഎഫ്എസ്ഐയുടെ ലീഡർഷിപ്പ് സമ്മിറ്റ് 2023ൽ അതിവേഗം വളരുന്ന എൻബിഎഫ്സിക്കുള്ള അവാർഡ് ഇൻഡെൽ മണിയാണ് നേടിയതെന്നും അദ്ദേഹം പറഞ്ഞു.

# ക്രാവ് മാഗാ:കളമശ്ശേരി അസാപ് സ്കിൽ പാർക്കിൽ നാളെ സൗജന്യ ശിൽപ്പശാല

**കൊച്ചി:** കരാട്ടെ, കുങ്ഫു, തായ്കോൻഡോ തുടങ്ങി നമുക്കു പരിചിതമായ വിദേശ അയോധന കലകളുടെ കൂട്ടത്തിലേക്ക് പുതിയൊരു മാർഷ്യൽ ആർട്സ് കൂടി വരുന്നു. ക്രാവ് മാഗാ എന്നാണ് പേര്. വരുന്നത് ഇസ്രായേലിൽ നിന്നാണ്. കളമശ്ശേരിയിലെ അസാപ് കേരളയുടെ കമ്യൂണിറ്റി സ്കിൽ പാർക്കിൽ ശനിയാഴ്ച ആയോധനാ കലാ കുതുകികൾക്കായി സൗജന്യ ഏകദിന ശിൽപ്പശാല നടക്കും. രാവിലെ 10 മുതൽ ഉച്ചയ്ക്ക് രണ്ടു മണി വരെയാണ് പരിപാടി. ക്രാവ് മാഗാ പരിശീലകനായ ദീപ്ക അലക്സാണ്ടർ നയിക്കും. കൂടുതൽ വിവരങ്ങൾക്ക്: 9495219570.ഇസ്രായേലി പ്രതിരോധ സേനയ്ക്കു വേണ്ടി വികസിപ്പിച്ച ആയോധന കലയാണിത്. പേര് നമ്മുടെ നാട്ടിൽ അത്ര പരിചിതമല്ലെങ്കിലും കരാട്ടെ, ജൂഡോ, റസലിങ്, ബോക്സിങ്, അയ്കിഡോ എന്നീ അയോധന കലകളിൽ നിന്നെടുത്ത ടെക്നിക്കുകൾ ചേർത്ത് വികസിപ്പിച്ചെടുത്ത താരതമ്യേന പുതിയ അയോധന കലയാണിത്. തെരുവുകളിൽ പെട്ടെന്നുണ്ടാകുന്ന അതിക്രമങ്ങളെ പ്രതിരോധിക്കാൻ സഹായിക്കുന്ന സ്വയം പ്രതിരോധ കല കൂടിയാണിത്.അസാപ് കേരള നടത്തുന്ന സംസ്ഥാനത്തെ 16 കമ്യൂണിറ്റി



സ്കിൽ പാർക്കുകളെ ജനകീയമാക്കുന്നതിനാണ് വാരാന്ത്യ സൗജന്യ പരിശീലനങ്ങൾ സംഘടിപ്പിക്കുന്നത്. പൊതുജനങ്ങളുടെ താൽപര്യം കൂടി കണക്കിലെടുത്ത് പുതിയ കോഴ്സുകളും നൈപുണ്യ പരിശീലനങ്ങളും നൽകുന്നതിനും അവയെ ജനകീയമാക്കുന്നതിനുമാണ് ഈ വാരാന്ത്യ പരിപാടികൾ. കളമശ്ശേരിയിലെ അസാപ് കമ്യൂണിറ്റി സ്കിൽ പാർക്കിലെ സൗജന്യ ക്രാവ് മാഗാ പരിശീനത്തിൽ പങ്കെടുക്കുന്നവർക്ക് തുടർന്നും ഇതു പരിശീലിക്കുന്നതിനുള്ള സൗകര്യം അസാപ് നൽകും

# ഫോൺപേ വോയ്സ് പേയ്മെന്റ് അറിയിപ്പുകൾ മലയാളത്തിൽ ലഭ്യമാകും

**കൊച്ചി:**ഫോൺപേ, സ്മാർട്ട് സ്പീക്കറുകൾക്കുള്ള വോയ്സ് പേയ്മെന്റ് അറിയിപ്പുകൾ ഇനി മുതൽ മലയാളത്തിൽ ലഭ്യമാകും. പ്രാദേശിക ഭാഷയിൽ അറിയിപ്പുകൾ കേൾക്കാൻ കഴിയുന്നതോടെ, വ്യാപാരികൾക്ക് ഉപഭോക്താക്കളുടെ ഫോൺ സ്ക്രീൻ പരിശോധിക്കാതെയും ബാങ്കിൽ നിന്നുള്ള പേയ്മെന്റ് എസ്,എം.എസിന് കാത്തുനിക്കാതെയും പേയ്മെന്റ് വിവരങ്ങൾ അറിയാൻ സാധിക്കും. കേരളത്തിൽ മാത്രം, 9 ലക്ഷം വ്യാപാരികളെ ഫോൺപേ വിജയകരമായി ഡിജിറ്റൈസ് ചെയ്യുകയും.ക്യൂ.ആർ. കോഡുകളും മറ്റ് മാർഗ്ഗങ്ങളും സജീവമായി ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്.മലയാളത്തിൽ വോയ്സ് പേയ്മെന്റ് നോട്ടിഫിക്കേഷനുകൾ ലഭിക്കുന്നതിന് അധിക നിരക്കുകളൊന്നും ഈടാക്കാതെ ഫോൺപേ ഫോർ ബിസിനസ് ആപ്പിൽ നിന്നും വ്യാപരിക്കൾക്ക് ഫോൺപേ സ്മാർട്ട്സ്പീക്കറുകൾ ആക്സസ് ചെയ്യാൻ സാധിക്കും.കേരളത്തിൽ പ്രതിമാസം 2.7 കോടിയിലധികം ഇടപാടുകൾ ഫോൺപേ സ്മാർട്ട്സ്പീക്കറുകൾ വഴി നടക്കുന്നുണ്ട്.വ്യാപാരികൾ നിലവിൽ നേരിടുന്ന നിരവധി വെല്ലുവിളികൾ പരിഹരിക്കുകയാണ് ഞങ്ങളുടെ ലക്ഷ്യമെന്നും, അതിനായി സ്മാർട്ട് സ്പീക്കർ ഉപകരണങ്ങളുടെ മികച്ച ഉപയോഗം ഉറപ്പാക്കുമെന്നും ഫോൺപേ ഓഫ്ലൈൻ ബിസിനസ്സ് മേധാവി വിവേക് ലോഹ്ചെബ് പറഞ്ഞു. വ്യത്യസ്ത ഭാഷാ ആവശ്യകതകൾ നിറവേറ്റുക എന്ന വെല്ലുവിളി ഏറ്റെടുത്തത് അതിലേക്കുള്ള ഒരു ചുവടുവെപ്പാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# വിവിധ പദ്ധകളുമായി ഫെഡറൽ ബാങ്ക് ജീവനക്കാർ



**കൊച്ചി:** ഇന്ത്യയിലുടനീളമുള്ള ഫെഡറൽ ബാങ്ക് ശാഖകളിലെ ജീവനക്കാർ ലോക പരിസ്ഥിതി ദിനം വ്യത്യസ്ത പരിപാടികളോടെ ആചരിച്ചു. ബാങ്ക് ആസ്ഥാനത്ത് ജീവനക്കാർ ഒരുക്കിയ ടെറേറിയം എക്സിബിഷൻ വേറിട്ട പരിപാടിയായി. കുഞ്ഞു സ്ഫടിക പാത്രങ്ങളിൽ മണ്ണും സസ്യങ്ങളും ഉപയോഗിച്ച് സൃഷ്ടിക്കുന്ന ഉദ്യാനമാണ് ടെറേറിയം. ബാങ്ക് ജീവനക്കാർ തന്നെ ക്യൂറേറ്റ് ചെയ്ത പ്രദർശനം ശ്രദ്ധേയമായി.ബീച്ച് ശുചീകരണം, സൈക്ലിങ്, പരിസ്ഥിതി പ്രവർത്തകരെ ആദരിക്കൽ, മരം നടൽ, തൈ വിതരണം, പരിസ്ഥിതി ബോധവൽക്കരണ പ്രഭാഷണങ്ങൾ തുടങ്ങി അനവധി പരിപാടികളാണ് രാജ്യത്തുടനീളമായി സംഘടിപ്പിച്ചത്. മുംബൈ ശാഖയിലെ ജീവനക്കാർ പ്രൊജക്ട് മുംബൈയുമായി ചേർന്ന് അക്സ ബീച്ചിൽ നിന്ന് 100 കിലോഗ്രാമിലേറെ വരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്തു. ഇവ മുനിസിപ്പൽ അധികൃതരുടെ പിന്തുണയോടെ വേർത്തിരിച്ച് സംസ്കരിച്ചു. ചെന്നൈയിലെ പണയൂർ ബീച്ചിലും ശുചീകരണം നടത്തി.ആലപ്പുഴ മേഖലയിലെ ജീവനക്കാർ സൈക്കിളിൽ യാത്ര ചെയ്ത് സുസ്ഥിര വികസന ആശയ പ്രചരണം നടത്തി. ശുചീകരണ തൊഴിലാളികളെ ആദരിക്കുന്ന ചടങ്ങുകളും സംഘടിപ്പിച്ചു.

# 'എന്റെ കൺമണിക്ക്' കാരുണ്യ പദ്ധതിയ്ക്ക് ജൂൺ 12ന് തുടക്കം

**കൊച്ചി:** ലുലു ഗ്രൂപ്പിന്റെ സഹകരണത്തോടെ നടത്തുന്ന 'എന്റെ കൺമണിക്ക് ആദ്യ സമ്മാനം' കാരുണ്യ പദ്ധതിക്ക് ജൂൺ 12ന് തുടക്കമാകും. കേരളവിഷന്റെയും എൻ.എച്ച്.അൻവർ ട്രസ്റ്റിന്റെയും ആഭിമുഖ്യത്തിൽ കേരള സർക്കാരിന്റെയും ആരോഗ്യ വകുപ്പിന്റെയും അംഗീകാരത്തോടെ കേരളത്തിലെ എല്ലാ സർക്കാർ ആശുപത്രികളിലും നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലി കഴിഞ്ഞ ഡിസംബറിൽ കൊച്ചിയിൽ നിർവ്വഹിച്ചിരുന്നു.സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന മുഴുവൻ കുട്ടികൾക്കും ആദ്യ സമ്മാനമായി ബേബി കിറ്റുകൾ വിതരണം ചെയ്യുന്ന കാരുണ്യ പദ്ധതിയാണ് എന്റെ കൺമണിക്ക് ഫസ്റ്റ് ഗിഫ്റ്റ്. ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലി സ്പോൺസർ ചെയ്യുന്ന ബേബി കിറ്റുകളുടെ ആദ്യ ഘട്ട വിതരണോദ്ഘാടനം ജൂൺ 12 ന് രാവിലെ 10.30ന് കൊല്ലം ജില്ലയിലെ പത്തനാപുരത്ത് എം.എ. യൂസഫലി നിർമിച്ചു നൽകിയ ഗാന്ധിഭവനിൽ വെച്ച് നടക്കും. ഗാന്ധിഭവനിലെ അമ്മമാരാണ് നവജാത ശിശുക്കൾക്കുള്ള ആദ്യ സമ്മാന കിറ്റുകൾ വിതരണം ചെയ്യുന്നത്. തുടർന്ന് യഥാക്രമം കണ്ണൂർ, തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ സർക്കാർ ആശുപത്രികളിൽ ചടങ്ങുകൾ സംഘടിപ്പിച്ച് ബേബി കിറ്റുകളുടെ വിതരണം നടത്തും. ലുലു ഗ്രൂപ്പ് പ്രതിനിധികൾ ഉൾപ്പടെ രാഷ്ട്രീയ സാമൂഹ്യ രംഗത്തെ പ്രമുഖർ ചടങ്ങുകളിൽ സംബന്ധിക്കും.

# കുഫോസ് ഇൻകുബേഷൻ സെന്ററിൽ ഒഴിവുകൾ

**കൊച്ചി :** കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിൽ (കുഫോസ്) പ്രവർത്തിക്കുന്ന സ്റ്റാർട്ട് അപ്പ് ബിസിനസ്സ് ഇൻകുബേഷൻ സെന്ററിൽ ഒഴിവുള്ള തസ്തികളിലേക്ക് വാക്ക് ഇൻ ഇൻറർവ്യൂ നടത്തുന്നു.സീനിയർ റിസർച്ച് ഫെല്ലോവിന്റെ മൂന്ന് ഒഴിവുകളും മാർക്കറ്റിങ്ങ് അസിസ്റ്റന്റിന്റെ ഒരു ഒഴിവുമാണ് ഉള്ളത്. ഫിഷ് പ്രോസസിങ്ങ് ടെക്നോളജിയിൽ എം.എഫ്.എസ്.സി / ഫുഡ് സയൻസ് ആൻറ് ടെക്നോളജിയിൽ എം.എസ്.സി ഉള്ളവർക്ക് സീനിയർ റിസർച്ച് ഫെല്ലോവിന് അപേക്ഷിക്കാം. എം.ബി.എ ( മാർക്കറ്റിങ്ങ് ) ആണ് മാർക്കറ്റിങ്ങ് അസിസ്റ്റൻറിൻറെ യോഗ്യത.ജൂൺ 14 ന് രാവിലെ 9.30 ന് കുഫോസ് ആസ്ഥാനത്താണ് ഇന്റർവ്യൂ. കൂടുതൽ വിവരങ്ങൾക്ക് കുഫോസ് വെബ് സെറ്റിൽ ( www.kufos.ac.in) പ്രസിദ്ധീകരിച്ചിരിക്കുന്ന വിജ്ഞാപനം കാണുക.

# മഹീന്ദ്ര പുതിയ സുപ്രോ സിഎൻജി ഡ്യുവോ പുറത്തിറക്കി




**കൊച്ചി:** ഇന്ത്യയിലെ ചെറുകിട വാണിജ്യ വാഹന (എസ്‌സിവി) വിപണിയിലെ മുൻനിരക്കാരായ മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് (എംആൻഡ്എം) പുതിയ സുപ്രോ സിഎൻജി ഡ്യുവോ പുറത്തിറക്കി. ചെറുകിട വാണിജ്യ വാഹന വിഭാഗത്തിലെ മഹീന്ദ്രയുടെ ആദ്യത്തെ ഡ്യുവൽഫ്യൂവൽ വാഹനമാണിത്. ഈ വിഭാഗത്തിലെ മികച്ച ഭാരശേഷിയും മൈലേജുമാണ് മഹീന്ദ്ര വാഗ്ദാനം ചെയ്യുന്നത്. പുതിയ വാഹനത്തിന് മൂന്ന് വർഷം അല്ലെങ്കിൽ 80000 കി.മീ വാറന്റിയും മഹീന്ദ്ര ഉറപ്പുനൽകുന്നു. ഡയമണ്ട് വൈറ്റ്, ഡീപ് വാം ബ്ലൂ എന്നീ നിറങ്ങളിൽ വാഹനം ഉപഭോക്താക്കൾക്ക് ലഭിക്കുമെന്ന് മഹീന്ദ്ര ആൻഡ് മഹീന്ദ്ര ഓട്ടോമോട്ടീവ് ഡിവിഷൻ പ്രസിഡന്റ് വീജയ് നക്ര പറഞ്ഞു. പ്രാരംഭ വില 6.32 ലക്ഷം രൂപ (എക്‌സ്‌ഷോറൂം ഡൽഹി).സിഎൻജിയിലും പെട്രോളിലും ഒരുപോലെ പ്രവർത്തിക്കാൻ പുതിയ സുപ്രോ സിഎൻജി ഡ്യുവോ വാഹനത്തിന് കഴിയും. സിഎൻജി മോഡിൽ വാഹനം ഓണാക്കാൻ അനുവദിക്കുന്ന ഡയറക്ട് ഇൻ സിഎൻജി സ്റ്റാർട്ട് പോലുള്ള ഈ രംഗത്തെ ആദ്യ ഫീച്ചറുകളാൽ സമ്പന്നമാണ് പുതിയ മോഡൽ. കൂടുതൽ സുരക്ഷയ്ക്കും സിഎൻജിപെട്രോൾ ഓപ്ഷനുകൾക്കിടയിൽ തടസമില്ലാത്ത സ്വിച്ചിങ്ങിനുമായി ഇന്റലിജന്റ് സിഎൻജി ലീക്ക് ഡിറ്റക്ഷനും സുപ്രോ സിഎൻജി ഡ്യുവോ വാഗ്ദാനം ചെയ്യുന്നു. 750 കി.ഗ്രാം ഭാരശേഷി, 75 ലിറ്ററിന്റെ വലിയ സിഎൻജി ടാങ്ക് കപ്പാസിറ്റി തുടങ്ങിയവയും സുപ്രോ സിഎൻജി ഡ്യുവോയെ വേറിട്ടുനിർത്തുന്നു.ശക്തമായ 20.01 കി.വാട്ട് (27ബിഎച്ച്പി) ബിഎസ്6 ആർഡിഇ എഞ്ചിനാണ് പുതിയ എസ്‌സിവിയിൽ. ഇത് 60 എൻഎം ടോർക്കും 23.35 കി.മീ എന്ന മികച്ച ഇൻക്ലാസ് മൈലേജും നൽകുന്നു. ഫുൾ ലോഡിൽ പോലും ഉയർന്ന പ്രകടനവും പിക്കപ്പും ഉറപ്പാക്കുന്ന 145 ആർ12, 8പിആർ ടയറുകൾ, 158 എംഎം ഗ്രൗണ്ട് ക്ലിയറൻസ് എന്നിവയും ഈ വാഹനത്തിന്റെ സവിശേഷതകളാണ്.നൂതനവും വിശ്വസനീയവുമായ വാണിജ്യ വാഹനങ്ങൾ നിർമിക്കുന്നതിലെ മഹീന്ദ്രയുടെ അഭിമാനകരമായ പാരമ്പര്യത്തിന്റെ സാക്ഷ്യമാണ് സുപ്രോ സിഎൻജി ഡ്യുവോയുടെ അവതരണമെന്നും വീജയ് നക്ര പറഞ്ഞു.പുതിയ സുപ്രോ സിഎൻജി ഡ്യുവോ എളുപ്പത്തിൽ പ്രവർത്തിപ്പിക്കാവുന്നതായ ഡ്യുവൽ ഫ്യുവൽ ചെറിയ വാണിജ്യ വാഹനമായി രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് മഹീന്ദ്ര ആൻഡ് മഹീന്ദ്ര ഓട്ടോമോട്ടീവ് ടെക്നോളജി ആൻഡ് പ്രൊഡക്ട് ഡെവലപ്മെന്റ് പ്രസിഡന്റ് ആർ. വേലുസാമി പറഞ്ഞു.

## റോമിങ് പ്ലാനുകളുമായി 'വി'

**കൊച്ചി:** അന്താരാഷ്ട്ര യാത്രക്കാർക്ക് വേണ്ടി വി യഥാർത്ഥ അൺലിമിറ്റഡ് ഡാറ്റയും കോളുകളുമാണ് തങ്ങളുടെ അന്താരാഷ്ട്ര റോമിങ് പ്ലാനുകളിൽ ലഭ്യമാക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.എവിടെ പോയാലും ഏറ്റവും മികച്ച കണക്ടിവിറ്റിയും ഇതിലൂടെ സാധ്യമാക്കുന്നു. യഥാർത്ഥ അൺലിമിറ്റഡ് ഡാറ്റയും കോളുകളും സൗജന്യ ഇൻ കമിങ് കോളുകളും സവിശേഷമായ കസ്റ്റമർ സർവീസും വഴി അന്താരാഷ്ട്ര റോമിങിൽ അൺലിമിറ്റഡ് നേട്ടങ്ങൾ നൽകുന്ന ഏക സേവനദാതാവ് വി മാത്രമാണെന്നും കമ്പനി അവകാശപ്പെടുന്നു. ഇതിനു പുറമെ ഏറ്റവും മികച്ച സ്ട്രീമിങ് അനുഭവങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു.വി ഉപഭോക്താക്കൾ എവിടെ യാത്ര ചെയ്താലും തടസങ്ങളില്ലാത്ത കണക്ടിവിറ്റി ഉറപ്പാക്കാനായി ഏറ്റവും മികച്ച ആഗോള സേവനദാതാക്കളുമായി വി സഹകരണത്തിൽ ഏർപ്പെട്ടിട്ടുണ്ട്. വി പോസ്റ്റ് പെയ്ഡ് റോമിങ് പ്ലാനുകളിലെ 'ഓൾവെയ്സ് ഓൺ' എന്ന സംവിധാനം വഴി ഉപഭോക്താക്കൾക്ക് അന്താരാഷ്ട്ര റോമിങിനിടെ പ്ലാൻ സബ്സ്ക്രിപ്ഷൻ കാലാവധി കഴിഞ്ഞാലും ഉയർന്ന നിരക്കുകൾ ചാർജു ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പാക്കുന്നുവെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ട്രാഫിക് പോലീസ് ഉദ്യോഗസ്ഥർക്ക് മഴക്കോട്ടുകൾ വിതരണം ചെയ്ത് കിംസ്ഹെൽത്ത്



**തിരുവനന്തപുരം:** തിരുവനന്തപുരം സിറ്റി ട്രാഫിക്കിൽ സേവനം ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്കായി മഴക്കോട്ടുകൾ വിതരണം ചെയ്ത് കിംസ്ഹെൽത്ത് കാൻസർ സെന്റർ. തിരുവനന്തപുരം കിംസ്ഹെൽത്തിൽ വച്ച് നടന്ന ചടങ്ങിൽ ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ ഡോ. എം.ഐ സഹദുള്ള, ഡപ്യൂട്ടി കമ്മീഷണർ ഓഫ് പോലീസ് ലോ & ഓർഡർ ആൻഡ് ട്രാഫിക് അജിത് വി. ഐപിഎസിന് 430 മഴക്കോട്ടുകൾ കൈമാറി. പ്രതികൂല കാലാവസ്ഥയിലും അർപ്പണമനോഭാവത്തോടെ സേവനം ചെയ്യുന്ന ട്രാഫിക് പോലീസ് ഉദ്യോഗസ്ഥർക്കുള്ള ആദരസൂചകമായാണ് മഴക്കോട്ടുകൾ വിതരണം ചെയ്തത്. ആവശ്യക്കാരിലേക്ക് സഹായമെത്തിക്കാൻ പ്രതിബദ്ധതയുള്ളൊരു സ്ഥാപനമെന്ന നിലയിൽ ഇത്തരം ഇടപെടലുകൾ തുടരാൻ സാധിക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് കിംസ്ഹെൽത്ത് ക്യാൻസർ സെന്റർ ആൻഡ് സിഎസ്ആർ സിഇഓ രശ്മി ആയിഷാ പറഞ്ഞു. തങ്ങളുടെ നിസ്വാർത്ഥസേവനത്തിന് തിരുവനന്തപുരം നോർത്ത് എസിപി നിയാസ് പി, സൗത്ത് എസിപി ഷീൻ തറയിൽ എന്നിവരേയും ചടങ്ങിൽ ആദരിച്ചു.കിംസ്ഹെൽത്ത് എമർജൻസി മെഡിസിൻ വിഭാഗം, ഫാമിലി മെഡിസിൻ ആൻഡ് ഫാർമസി സർവീസസ് ഡയറക്ടർ ഡോ. സുഹ്റ പി.എം, ക്ലിനിക്കൽ ഡയറക്ടർ ഡോ. ബി രാജൻ, സൈബർ പോലീസ് സബ് ഡിവിഷൻ അസിസ്റ്റന്റ് കമ്മീഷണർ ഹരി സി.എസ്, സബ് ഇൻസ്പെക്ടർമാരായ ജയപ്രകാശ് (ചീറ്റാ പട്രോൾ ഓഫീസർ), സജി കുമാർ (അഡ്മിനിസ്ട്രേഷൻ)എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS

LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE

SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663